Volume 1 Issue 5 August 2016 Monthly Rs. 10 Kottayam

# കുടുംബ സന്ദേശം

# KUDUMBA SANDESAM



പുസ്തകം 1 ലക്കം 5 ആഗസ്റ്റ് 2016 വില: 15 രൂപ

# ജറുസലേം കാഴ്ചകൾ















ഈജിപ്തിലെ പിരമിഡുകൾ

# കുടുംബ സന്ദേശം

പുസ്തകം 1 ലക്കം 5 ആഗസ്റ്റ് 2016



**ചീഫ് എഡിറ്റർ**
ഫാ. ജോസ് കോട്ടയിൽ

**എഡിറ്റർ**
തേക്കിൻകാട് ജോസഫ്

**പത്രാധിപ സമിതി**
ഡോ. സി.ജെ. റോയ്
റ്റി.എം. മാത്യു,
റവ. ഡോ. കെ.വി. മാത്യു
കെ. തോമസ് വറുഗീസ്

**മാർക്കറ്റിംഗ് മാനേജർ**
പി.സി. ചാക്കോ പനയമ്പാല

**സർക്കുലേഷൻ**
മാണി സിറിയക് വാട്ടപ്പള്ളി,
ജോർജ് ജോസഫ് ആലപ്പാട്ട്
പി.എ. മത്തായി മാട്ടേൽ

**അഡ്വർടൈസ്മെന്റ്**
വർഗീസ് പനന്തോട്ടം, ചെറിയാൻ ജോർജ്



വിലാസം

ഓഫീസ് : പ്രിയാ ഭവൻ,
കുറവിലങ്ങാട്,
കോട്ടയം ജില്ല കേരള - 686633,
എഡിറ്റർ : 04822-230393,
മൊബൈൽ : 9846478093



Website: pakalomattamfamily.org


## ഉള്ളടക്കം


**എഡിറ്റോറിയൽ** 4

**രോഗികളെ സന്ദർശിക്കൽ** 5
**ഫാ. ജോസ് കോട്ടയിൽ**

**അപ്പസ്തോലന്മാരുടെ സഹനം** 7
**മാത്യൂസ് പാണ്ടിശേരിൽ**

**വിശുദ്ധ നാടുകളിലൂടെ ഒരു യാത്ര** 8
**അലക്സ് തേക്കിൻകാട്**

**ഭാരതത്തിലെ ക്രിസ്ത്യാനികൾ** 10
**സി.ഐ. ജോൺ, ചാപ്രത്ത്**

സമയം സമാഗതമായി സഹോദരാ ഉണർന്നാലും 12
**എൻ.സി. മാത്യു, കോതനല്ലൂർ**

പനിക്കിടക്കയിലേക്ക് അദ്ദേഹം വന്നു 14
**മോഹൻലാൽ**

**കുടുംബയോഗ വാർത്തകൾ** 16

**നിര്യാതരായ കുടുംബാംഗങ്ങൾ** 18

**മരിച്ചവരും ജീവിക്കുന്നവരും** 19
**ഡോ. സി.ജെ. റോയ്**


### പ്രത്യേക ശ്രദ്ധയ്ക്ക്

വരിസംഖ്യ കൃത്യമായി അടയ്ക്കുന്നവർക്ക് ഏതെങ്കിലും ലക്കം ലഭിക്കാതെവന്നാൽ താഴെക്കാണുന്ന നമ്പരിൽ വിളിച്ച് അറിയിച്ചാൽ ടി ലക്കം മാസിക പ്രത്യേകം വേറെ അയച്ചുതരുന്നതാണ് എന്ന് അറിയിക്കുന്നു.

മൊബൈൽ: **9446069593**
റ്റി. എം. മാത്യു
**Email:mathewtm56@gmail.com**

**എഡിറ്റോറിയൽ**



# അമ്മ എന്ന വാത്സല്യഭാവം

ലോകമെങ്ങും ആദരിക്കപ്പെടുന്ന പ്രതിഭാസമാണ് മാതൃത്വം. എന്നും മാനുഷികതയിലൂന്നിയതാണ് മാതൃത്വഭാവം. അമ്മ എന്ന വാക്കു തന്നെ മറ്റൊരു ജീവനു ജന്മം നൽകുന്ന സമർപ്പണത്തിന്റെ പ്രതിരൂപമാണ്. പൊക്കിൾതണ്ടിലൂടെ സ്വന്തം ജീവരക്തം നൽകി പരിപാലിക്കുന്ന ത്യാഗത്തിന്റെ പ്രതീകം. ഒരു കുഞ്ഞു മണ്ണിലേക്ക് പിറന്നു വീഴുമ്പോൾ മറ്റുള്ളവർ പൊക്കിൾ തണ്ടു മുറിക്കുമ്പോഴാണ് ജൈവീകമായി അമ്മയും കുഞ്ഞും വേർപെടുന്നത്. എന്നിട്ടു മുലപ്പാൽ നൽകി അതിജീവനത്തിന്റെ വാത്സല്യഭാവം പകർന്നു നൽകുന്നത് അമ്മയാണ്.

കുഞ്ഞിക്കണ്ണുകളിൽ തിളങ്ങുന്നത് അമ്മയുടെ മുഖമാണ്. ഖലിൽ ജീബ്രാൻ എഴുതിയത് ഓർമ്മ വരുന്നു. "ഈ ജീവിതത്തിൽ അമ്മയാണ് എനിക്കെല്ലാം. ദുഃഖത്തിന്റെ നിമിഷങ്ങളിൽ അമ്മ ഒരു സാന്ത്വനമാണ്. നിരാശയിൽ അമ്മ പ്രതീക്ഷയാകുന്നു. തളർന്നു വീഴുന്ന സന്ദർഭങ്ങളിൽ അമ്മ കരുത്തു പകരുന്നു. സഹനത്തിന്റെയും ത്യാഗത്തിന്റെയും ക്ഷമയുടെയും പ്രഥമസ്ഥാനം നാം അമ്മയ്ക്കു നൽകണം. ആശ്വാസത്തിന്റെ ആശ്രയമായി അമ്മ മാറുന്നു. അനുഗ്രഹിക്കാൻ ഉയർത്തുന്ന കരങ്ങൾ എപ്പോഴും അമ്മയുടേതു തന്നെ."

ഈ ചിന്തകളൊക്കെ കടന്നു വരുന്നത് പരിശുദ്ധ കന്യാമേരിയുടെ ജീവിതത്തിന്റെയും സ്നേഹാദരങ്ങളുടെയും കഥകൾ നാം വായിക്കുമ്പോഴാണ്. ആഗസ്റ്റ് അമ്മയുടെ സ്വർഗ്ഗാരോഹണതിരുനാൾ ആഘോഷിക്കുന്ന മാസമാണ്. തുടർന്നു വരുന്ന സെപ്റ്റംബർ എട്ടുനോമ്പിന്റെയും മാതൃഭക്തിക്ക് ഏറ്റവും പ്രാധാന്യം നൽകുന്ന ദിനങ്ങളാണ് ഇവ. നമ്മുടെ ക്രൈസ്തവ ദേവാലയങ്ങളിൽ വി. കന്യാമേരിയുടെ നാമധേയത്തിലുള്ളവയാണ് ഏറെയും. ഇതൊക്കെ ക്രൈസ്തവ വിശ്വാസികളുടെ മാതൃഭക്തിയെ അനുസ്മരിപ്പിക്കുന്നു. മണർകാട്ടും കുറവിലങ്ങാട്ടും മറ്റ് ഒട്ടനേകം മാതൃദേവാലയങ്ങളിലും അമ്മയിൽ ആശ്രയം തേടിയെത്തുന്ന ജനലക്ഷങ്ങൾതന്നെ അതിന്റെ സാക്ഷ്യങ്ങളാണ്.

മനുഷ്യന് എന്തിനും ഒരാശ്രയം അനിവാര്യമാണ്. അവന്റെ അസ്വസ്ഥതയും മാനസിക സമ്മർദ്ദങ്ങളും തീരാദുഃഖങ്ങളും ഇറക്കിവയ്ക്കാനുള്ള ഒരു അത്താണി. അവിടെയാണ് മാതൃസാന്നിദ്ധ്യത്തിന്റെ വില നാം അറിയുന്നത്. മനമുരുകി പ്രാർത്ഥിക്കുന്നവർക്ക് വാത്സല്യത്തിന്റെ നീരുറവ കാണിച്ചുകൊടുക്കുന്നു അമ്മ. അമ്മയിൽ എപ്പോഴും നാം ശരണപ്പെടുക. എല്ലാ തീരാദുഃഖങ്ങൾക്കും ശമനം ലഭിക്കും.

പത്രാധിപർ

ഫാ. ജോസ് കോട്ടയിൽ

# രോഗികളെ സന്ദർശിക്കൽ



ശരീരത്തിനടുത്ത കാരുണ്യപ്രവൃത്തികളിൽ ഒന്നാണ് രോഗികളെ സന്ദർശിച്ച് അവരെ ആശ്വസിപ്പിക്കുക എന്നത്. മനുഷ്യന്റെ ബലഹീനത ഏറ്റവും പ്രകടമാകുന്നത് രോഗാവസ്ഥയിലാണ്. ഏതു പ്രായത്തിൽപ്പെട്ടവർക്കും ഏതു സാമ്പത്തിക-സാമൂഹികാവസ്ഥയിൽപ്പെട്ടവർക്കും രോഗങ്ങൾ ഉണ്ടാകാം. ആ അർത്ഥത്തിൽ രോഗം എല്ലാവരെയും ബാധിക്കുന്ന കാര്യമാണ്; എല്ലാവർക്കും സഹായവും ആശ്വാസവും ആവശ്യമുള്ള സമയവുമാണ്.

രോഗം, സർവോപരി ഗൗരവമുള്ള രോഗം എപ്പോഴും മനുഷ്യാസ്തിത്വത്തെ വിഷമഘട്ടത്തിലെത്തിക്കാൻ പോന്നതാണ്. ആഴമുള്ള ചോദ്യങ്ങൾ ഉണർത്തുന്ന സമയവുമാണ്. ആദ്യ പ്രതികരണം എതിർപ്പിന്റേതാകാം. എന്തുകൊണ്ട് എനിക്കിതു സംഭവിച്ചുവെന്നു ചോദിക്കാം. എല്ലാം നഷ്ടപ്പെട്ടുവെന്നും ഒന്നിനും ഒരു അർത്ഥവുമില്ലെന്നും ചിന്തിച്ച് നിരാശയിലും അകപ്പെടാം. ദൈവവിശ്വാസം തന്നെ പരീക്ഷിക്കപ്പെടാം.

എന്നാൽ, അതേസമയം രോഗത്തിന് ചില ഭാവാത്മകവശങ്ങൾ ഉണ്ട്. നമ്മുടെ ജീവിതത്തിന്റെ അത്യഗാധമായ അർത്ഥം കണ്ടെത്താനുള്ള താക്കോൽ രോഗം നമുക്കു നല്കും. യേശുവിലേക്ക് അടുക്കാനുള്ള മാർഗമായി അതു തീരാം. കുരിശിന്റെ ഭാരം പേറിക്കൊണ്ട് ക്രിസ്തു എങ്ങനെ നമ്മുടെ ചാരേ നടക്കുന്നുവെന്ന് രോഗം നമ്മെ ബോധ്യപ്പെടുത്തും. യേശു കരുണാപൂർണമായ ഹൃദയമുള്ള, സഹായിക്കുന്ന കരങ്ങളുള്ള ദൈവമാണ്. വിശക്കുന്നവർക്ക് അപ്പം മുറിച്ചുകൊടുക്കുകയും രോഗികളെ സ്പർശിച്ചു സുഖപ്പെടുത്തുകയും ചെയ്യുന്ന കരങ്ങളാണ് അവിടുത്തേത്. ഇത് രോഗികളെ ആത്മധൈര്യം കൊണ്ടു നിറയ്ക്കും. അവിടുത്തെ കൃപയിലേക്കും കാരുണ്യത്തിലേക്കും രോഗികളുടെ ഹൃദയങ്ങളെ തുറക്കുകയും ചെയ്യും (cf. ഫ്രാൻസീസ് പാപ്പാ, ലോകരോഗീദിന സന്ദേശം, 2016).

നമുക്കുണ്ടാകാവുന്ന ആശ്വാസത്തെക്കുറിച്ച് വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നുണ്ട്. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവും കരുണയുടെ പിതാവും സകല സമാശ്വാസത്തിന്റെയും ദൈവവുമായവൻ വാഴ്ത്തപ്പെട്ടവനാകട്ടെ. ദൈവം ഞങ്ങൾക്കു നല്കുന്ന സാന്ത്വനത്താൽ ഓരോ തരത്തിലുള്ള വ്യഥകളനുഭവിക്കുന്നവരെ ആശ്വസിപ്പിക്കാൻ ഞങ്ങൾ ശക്തരാകേണ്ടതിനും ഞങ്ങൾ ദൈവത്തിൽനിന്ന് അനുഭവിക്കുന്ന അതേ ആശ്വാസം തന്നെ അവരും അനുഭവിക്കേണ്ടതിനും അവിടന്ന് ഞങ്ങളെ എല്ലാ ക്ലേശങ്ങളിലും സമാശ്വസിപ്പിക്കുന്നു. ക്രിസ്തുവിന്റെ സഹനങ്ങളിൽ ഞങ്ങൾ സമൃദ്ധമായി പങ്കുചേരുന്നതുപോലെ ക്രിസ്തുവിലൂടെ സമാശ്വാസത്തിലും ഞങ്ങൾ സമൃദ്ധമായി പങ്കുചേരുന്നു (2 കോറി 1:3-5).

ഈശോയുടെയും അവിടത്തെ ദൗത്യത്തിന്റെയും സവിശേഷതകൾ സുവിശേഷം വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്. അവിടന്ന് അനേകരുടെ രോഗങ്ങളും ദൗർബല്യങ്ങളും സുഖപ്പെടുത്തി. അനേകരിൽനിന്ന് പിശാചുക്കളെ പുറത്താക്കി. അന്ധർക്കു കാഴ്ച നല്കി. മുടന്തരെ നടത്തി. കുഷ്ഠരോഗികൾക്ക് ആരോഗ്യവും മഹത്ത്വവും തിരിച്ചുനല്കി. മൃതരെ ഉയിർപ്പിച്ചു. ദരിദ്രരോടു സുവിശേഷം പ്രസംഗിച്ചു (cf. ലൂക്കാ 4:18-19; 7:21-22). ശിഷ്യരെ സുവിശേഷം പ്രസംഗിക്കാൻ ഈശോ അയയ്ക്കുമ്പോൾ അവരോട് അവിടെയുള്ള രോഗികളെ സുഖപ്പെടുത്താനും കല്പിക്കുന്നുണ്ട് (ലൂക്കാ 10:9-10; 9:2).

രോഗികളോട്, ഏറ്റവും നിസ്സാരരായവരോട് കാരുണ്യം കാണിക്കുക എന്നത് ക്രൈസ്തവ വിശ്വാസജീവിതത്തിന്റെ ഭാഗമാണ്. രോഗികളെ ശുശ്രൂഷിക്കുകയും അവരുടെ ആവശ്യങ്ങൾ ഗ്രഹിക്കുകയും ചെയ്യുന്നവർ ഈ കാരുണ്യമാണ് പ്രകടമാക്കുന്നത്. രോഗിയായ ശിശുവിനെ ശുശ്രൂഷിക്കുന്ന അമ്മയും വാർദ്ധക്യത്തിലെത്തിയ മാതാപിതാക്കളെ ശുശ്രൂഷിക്കുന്ന മക്കളും വല്യപ്പനെയോ വല്യമ്മ

**രോഗത്തിന് ചില ഭാവാത്മകവശങ്ങൾ ഉണ്ട്. നമ്മുടെ ജീവിതത്തിന്റെ അത്യഗാധമായ അർത്ഥം കണ്ടെത്താനുള്ള താക്കോൽ രോഗം നമുക്കു നല്കും. യേശുവിലേക്ക് അടുക്കാനുള്ള മാർഗമായി അതു തീരാം. കുരിശിന്റെ ഭാരം പേറിക്കൊണ്ട് ക്രിസ്തു എങ്ങനെ നമ്മുടെ ചാരേ നടക്കുന്നുവെന്ന് രോഗം നമ്മെ ബോധ്യപ്പെടുത്തും. യേശു കരുണാപൂർണമായ ഹൃദയമുള്ള, സഹായിക്കുന്ന കരങ്ങളുള്ള ദൈവമാണ്. വിശക്കുന്നവർക്ക് അപ്പം മുറിച്ചുകൊടുക്കുകയും രോഗികളെ സ്പർശിച്ചു സുഖപ്പെടുത്തുകയും ചെയ്യുന്ന കരങ്ങളാണ് അവിടുത്തേത്. ഇത് രോഗികളെ ആത്മധൈര്യം കൊണ്ടു നിറയ്ക്കും.**



യെയോ ശുശ്രൂഷിക്കുന്ന പൗത്രനോ പൗത്രിയോ ഒക്കെ പ്രകടമാക്കുന്നത് ഈ കാരുണ്യമാണ്. രോഗബാധിതർക്കുവേണ്ടി നാം ആദ്യം ചെയ്യേണ്ടത് പ്രാർത്ഥിക്കുകയാണ്. അവരുടെ ആരോഗ്യത്തിനുവേണ്ടി പ്രാർത്ഥിക്കണം. ഈശോ തന്നെ ദൈവരാജ്യത്തിന്റെ സാന്നിധ്യം പ്രകടമാക്കിയത് സവിശേഷമാംവിധം സുഖപ്പെടുത്തലിലൂടെയാണ് (cf. മത്താ 11:4-5). ശാരീരികസൗഖ്യത്തിനുവേണ്ടി മാത്രമല്ല, സമാധാനത്തിനും പ്രശാന്തതയ്ക്കും വേണ്ടിക്കൂടി നാം പ്രാർത്ഥിക്കണം. പ്രശാന്തത ദൈവികദാനമാണ്.

സമൂഹം പുറത്താക്കുകയും ആട്ടിപ്പായിക്കുകയും ചെയ്ത കുഷ്ഠരോഗികൾക്ക് അവിടന്ന് മാന്യത നല്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് നയിച്ചു (ലൂക്കാ 17:11-15). സീറോഫിനീഷ്യൻ സ്ത്രീയുടെ മകളെ സുഖമാക്കിക്കൊണ്ട് ഈശോ ജാതിക്കും അടിമത്തത്തിനും എതിരേ നിലകൊണ്ടു (മർക്കോ 7:24-30). കട്ടിലിൽ അവിടത്തെ പക്കൽ എത്തിച്ച തളർവാതരോഗിയുടെ ആത്മീയരോഗം സുഖപ്പെടുത്തിക്കൊണ്ടാണ് ഈശോ അവനെ രക്ഷിച്ചത്. കട്ടിലിൽ ചുമന്നു കൊണ്ടുവന്നവനെ കട്ടിലും എടുത്തു പോകാൻ ഇടയാക്കിയ കർത്താവിന്റെ പ്രവൃത്തി അദ്ഭുതകരമാണ് (ലൂക്കാ 5:17-26).

മർക്കോസിന്റെ സുവിശേഷം നല്കുന്ന ആദ്യത്തെ രോഗശാന്തി സംഭവം നമുക്കു നല്കുന്ന പാഠങ്ങൾ വലുതാണ് (മർക്കോ 1:29-32). പത്രോസിന്റെ അമ്മായിയമ്മയെ ഈശോ സുഖപ്പെടുത്തുന്ന സംഭവമാണത്. ഈശോ പത്രോസിന്റെ വീട്ടിലെത്തിയപ്പോൾ അവർ അവളുടെ കാര്യം അവനോടു പറഞ്ഞു (1:30). കർത്താവ് നമ്മോടുകൂടെ വരുകയും നമുക്ക് ആശ്വാസം നല്കുകയും ചെയ്യുന്നവനാണെന്ന ബോധ്യം നമുക്കു വേണം (പുറ 33:34). ഈശോ അവളെ കൈയ്ക്കുപിടിച്ച് എഴുന്നേല്പിച്ചു. അവിടത്തെ സ്നേഹം അവളെ സുഖപ്പെടുത്തി എന്നർത്ഥം. അവൾ എല്ലാവർക്കും ശുശ്രൂഷ നല്കി. അദ്ഭുതം ശുശ്രൂഷയ്ക്കായി സമർപ്പിക്കാനാണ് എന്ന കാര്യം നമുക്കു മറക്കാതിരിക്കാം. ആ ഭവനം എല്ലാവർക്കും ശുശ്രൂഷാകേന്ദ്രമായി. ആളുകൾ അവിടെ തടിച്ചുകൂടി. രോഗികളെ ഈശോ സുഖപ്പെടുത്തി. അതിനാൽ, നമ്മുടെ കുടുംബാംഗങ്ങളെ രോഗം ഞെരുക്കുമ്പോൾ ഈശോയെ നാം വീട്ടിലേക്കും കൂട്ടിക്കൊണ്ടു വരണം. രോഗങ്ങളും കുറവുകളുമെല്ലാം അവനോടു തുറന്നുപറയണം. എഴുന്നേറ്റു ഈശോയെ ശുശ്രൂഷിക്കാനും മറ്റുള്ളവർക്കായി വാതിൽ തുറന്നു കൊടുക്കാനും നമുക്ക് കഴിയണം.

ഏഴു കൂദാശകളിൽ ഒന്നായ രോഗീലേപനം ഗൗരവപൂർണമായ രോഗാവസ്ഥയിൽ രോഗിക്ക് സംലഭ്യമാക്കാൻ കുടുംബാംഗങ്ങൾ ശ്രദ്ധിക്കണം. യാക്കോബിന്റെ ലേഖനം നല്കുന്ന നിർദ്ദേശം എന്നും വളരെ പ്രസക്തമാണ്. "നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ അവൻ സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ തൈലാഭിഷേകം ചെയ്ത് അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും. കർത്താവ് അവനെ എഴുന്നേല്പിക്കും. അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവിടന്ന് മാപ്പു നല്കും. നിങ്ങൾ സൗഖ്യം പ്രാപിക്കാനായി പരസ്പരം പാപങ്ങൾ ഏറ്റുപറയുകയും പ്രാർത്ഥിക്കുകയും ചെയ്യുവിൻ. നീതിമാന്റെ പ്രാർത്ഥന വളരെ ശക്തിയുള്ളതും ഫലദായകവുമാണ് (യാക്കോ 5:14-16). രോഗീലേപനകൂദാശയെ അന്ത്യകൂദാശയായി കാണുന്നതും ഭയപ്പെടുന്നതും തിരുത്തേണ്ടിയിരിക്കുന്നു.

സഭയുടെ ആതുരശുശ്രൂഷാരംഗം - ആശുപത്രികൾ, ഡിസ്പെൻസറികൾ, പാലിയേറ്റീവ് സെന്ററുകൾ, വൃദ്ധമന്ദിരങ്ങൾ, ഭിന്നശേഷിയുള്ളവർക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ - കർത്താവിന്റെ വാക്കുകളിലും പ്രവൃത്തികളിലും നിന്ന് രൂപമെടുത്തിട്ടുള്ളതാണ്. രോഗശാന്തിക്ക് പ്രാർത്ഥനയോടൊപ്പം ചികിത്സയും മരുന്നും കൂടി വേണം. വൈദ്യരിലൂടെ സുഖപ്പെടുത്തുന്നതും ദൈവം തന്നെയാണ്. കരുണാർദ്രമായ സ്നേഹം രോഗികൾക്കു ലഭ്യമാകണം. വീരോചിതമായ രീതിയിൽ രോഗീശുശ്രൂഷ നിർവഹിച്ച ആളുകളെ സഭയുടെ നീണ്ട ചരിത്രത്തിൽ എത്ര പേരെയെങ്കിലും നമുക്ക് എടുത്തു കാട്ടാനാവും! അവരോടെല്ലാം നാം നന്ദിയുള്ളവരായിരിക്കണം. അവരുടെ മാതൃക നമുക്കു പ്രചോദനവുമാകണം.

## ആത്മീയചിന്ത

**മാത്യൂസ് പാണ്ടിശ്ശേരിൽ**

# അപ്പസ്തോലന്മാരുടെ സഹനം

**ദുഃഖവെള്ളിയാഴ്ചയ്ക്ക് ശേഷം ഉത്ഥാനമുണ്ട്- ലേഖനത്തിന്റെ തുടർച്ച**



തന്നിൽ വിശ്വസിക്കുന്നവർ സ്വന്തം കുരിശുമെടുത്ത് തന്റെ പിന്നാലെ വരണമെന്ന ഗുരുവചനത്തിൽ, മഹത്വത്തിലേക്കുള്ള വഴിയിലെ കുരിശിന്റെ അനിവാര്യതയാണ് വ്യക്തമാക്കുന്നത്. സഹനത്തിന്റെ കുരിശിലേറി മഹത്വത്തിന്റെ മഹോന്നതങ്ങളിലേക്ക് കരേറിയ ക്രിസ്തുവിനെ പിന്തുടർന്ന അപ്പസ്തോലന്മാരും ക്രിസ്തുവിന്റെ ശിഷ്യന്മാരും ആദിമ സഭാപിതാക്കന്മാരും അതിദാരുണ മരണത്തിന് വിധേയരായി.

1. വി. മത്തായിയെ എത്യോപ്യയിൽ വച്ച് വാൾ കൊണ്ട് വെട്ടി കൊലപ്പെടുത്തി.
2. വി. മർക്കോസിനെ ഈജിപ്തിലെ അലക്സാഡ്രിയായുടെ തെരുവീഥികളിലൂടെ കുതിരകളുടെ പിന്നിൽ കെട്ടിയിട്ട് വലിച്ചിഴച്ചാണ് വധിച്ചത്.
3. വി. ലൂക്ക ഗ്രീസിൽവച്ച് തൂക്കിലേറ്റപ്പെട്ടു.
4. വി.പത്രോസ് റോമിൽവച്ച് തലകീഴായി ക്രൂശിക്കപ്പെട്ടു.
5. സെബിദിയുടെ പുത്രനായ വി. യാക്കോബ് വാളുകൊണ്ട് വെട്ടി കൊല്ലപ്പെട്ടു.
6. വി. അന്ത്രയോസ് അതിക്രൂരമായി പീഡിപ്പിക്കപ്പെട്ടശേഷം കൂടുതൽ സമയം കഷ്ടത അനുഭവിക്കാനായി ആണികൾ അടിക്കാതെ കുരിശിൽ കെട്ടി തൂക്കിയിട്ടു കൊലപ്പെടുത്തി. രണ്ടുദിവസം കുരിശിൽ തൂങ്ങിക്കിടന്ന് മരണപ്പെടുന്നതിന് മുമ്പായി വഴിപോക്കരോടുപോലും വിശുദ്ധൻ ക്രിസ്തുവിനെക്കുറിച്ച് പ്രസംഗിച്ചു.
7. വി. പീലിപ്പോസിനെ ഈജിപ്തിലെ ഹെലിയോപോലീസിൽ വച്ച് പീഡിപ്പിച്ച് തൂക്കിലേറ്റി.
8. വി. ബർത്തിലോമിയായെ പീഡിപ്പിച്ച് ക്രൂശിച്ചു. മറ്റൊരു അറിവ്, വിശുദ്ധനെ ജീവനോടെ തൊലിയുരിച്ചശേഷം തല വെട്ടികളഞ്ഞു.
9. സെന്റ് തോമസ് ഗ്രീസിലും ഇന്ത്യയിലും സുവിശേഷം പ്രസംഗിച്ചു. വിശുദ്ധനെ ഇന്ത്യയിലെ മൈലാപ്പൂരിൽവച്ച് കുന്തംകൊണ്ട് കുത്തിക്കൊന്നു.
10. വി. മത്തിയാസിനെ എത്യോപ്യയിൽ വച്ച് രാജാവിന്റെ വാൾക്കാരൻ, പുറകിൽനിന്ന് കുത്തിക്കൊന്നു.
11. വി. യാക്കോബിനെ 94-ാം വയസിൽ അടിച്ചും കല്ലുംകൊണ്ട് എറിഞ്ഞും കൊന്നു. മറിച്ച് വിശുദ്ധനെ ഉയരമുള്ള കെട്ടിടത്തിന്റെ മുകളിൽനിന്ന് തള്ളിയിട്ട് വധിച്ചുവെന്നും കരുതുന്നു.
12. വി. യൂദാതദേവൂസ്, എദ്രേസയിൽവച്ച് ക്രൂശിക്കപ്പെട്ടു.
13. തീവ്രവാദി-ശിമയോൻ ആഫ്രിക്കയുടെ പടിഞ്ഞാറെ തീരമായ മൗറിറ്റാനിയിൽ സുവിശേഷം പ്രസംഗിച്ചശേഷം ഇംഗ്ലണ്ടിൽ പോയി പ്രസംഗിച്ചു. വിശുദ്ധനെ ഇംഗ്ലണ്ടിൽ വച്ച് ക്രൂശിച്ചു.
14. വി. യോഹന്നാനെ പത്മോസ് ദ്വീപിലേക്ക് നാടുകടത്തി. വി. യോഹന്നാനൊഴികെ കർത്താവിന്റെ എല്ലാ ശിഷ്യന്മാരുടെയും സുവിശേഷകന്മാരുടെയും മരണകാരണം രക്തസാക്ഷിത്വമായിരുന്നു.
15. വി. പൗലോസ്: എ.ഡി.67-ൽ റോമിൽവച്ച്, വധശിക്ഷയ്ക്ക് മുമ്പായി വസ്ത്രങ്ങൾ ഉരിഞ്ഞുമാറ്റി അതിക്രൂരമായി ചമ്മട്ടിയടി നൽകിയിട്ട് തലവെട്ടികൊന്നു.
16. സഭയുടെ ആദ്യരക്തസാക്ഷിയായ വി. സ്റ്റീഫനെ കല്ലെറിഞ്ഞു കൊന്നു.
17. വി. സെബാസ്ത്യാനോസിനെ റോമചക്രവർത്തി ഡയോക്ലിഷിന്റെ കല്പനപ്രകാരം വസ്ത്രമുരിഞ്ഞ് മരത്തോട് വരിഞ്ഞുകെട്ടിയിട്ട് മരിക്കുവോളം അമ്പ് എയ്തു. മരിച്ചെന്നു കരുതി ആരാച്ചാരന്മാർ പോയി. അബോധാവസ്ഥയിലായിരുന്ന വിശുദ്ധനെ ഇറീൻ എന്ന ഭക്ത സ്ത്രീ ചികിത്സിച്ച് രക്ഷപെടുത്തി. തുടർന്ന് രാജകിങ്കരൻമാർ ഭാരമുള്ള ഗദ കൊണ്ട് വിശുദ്ധന്റെ ശിരസ്സിലടിച്ചു വധിച്ചു.
18. വി. ഗീവർഗീസ് സഹദായെ ഡയോക്ളിഷ് ചക്രവർത്തിയുടെ കല്പന പ്രകാരം എ.ഡി. 303 മെയ് 7നു തലവെട്ടിക്കൊന്നു.
19. വി. മാക്സിമില്യൻ കോൾബയെ മരിക്കുവോളം കാർബോളിക് ആസിഡ് കുത്തിവച്ച് കൊലപ്പെടുത്തി.

ഇങ്ങനെ എണ്ണമറ്റ വിശുദ്ധ രക്തസാക്ഷികൾ സഹിച്ച പീഡനങ്ങളാണ് ഇന്നും ക്രിസ്തുവിന്റെ സഭയെ തളരാതെ താങ്ങി നിർത്തുന്നത്.

കുരിശില്ലാതെ കിരീടമില്ലെന്ന് ഈ രക്തസാക്ഷികൾക്ക് അറിയാമായിരുന്നു. കുരിശുകൾ ദൈവത്തിന്റെ സമ്മാനങ്ങളായി അവർക്ക് അനുഭവപ്പെട്ടിരുന്നു. സഹനത്തിൽ നിന്ന് മുഖം തിരിക്കുന്ന ഓരോ ക്രിസ്ത്യാനിയും ക്രിസ്തുവിനെ വീണ്ടും കുരിശിലേറ്റുകയാണ്. ആദിമ ക്രൈസ്തവർ കുരിശിലും കുരിശിന്റെ വഴിയിലും നിഴലിലും ജീവിച്ചവരായിരുന്നു. എന്നാൽ ഇന്ന് കുരിശിന്റെ സുവിശേഷവും സഹനത്തിന്റെ മഹത്വവും കൈവിട്ടുകളഞ്ഞ് ഐശ്വര്യത്തിന്റെ സുവിശേഷം (Prosperity Gospel) പ്രസംഗിക്കുവാനാണ് പലർക്കും താല്പര്യം. മഹത്വത്തിന്റെ വഴി കുരിശാണ് എന്ന ക്രിസ്തു ദർശനത്തിന്റെ പൊരുൾ ഗ്രഹിക്കുവാൻ വിശുദ്ധന്മാരുടെ ജീവിതമാർഗ്ഗം നമ്മെ സഹായിക്കട്ടെ.

## യാത്രാവിവരണം

**അലക്സ് തേക്കിൻകാട്**

# വിശുദ്ധ നാടുകളിലൂടെ ഒരു യാത്ര

*തുടർച്ച...*



അടുത്ത ദിവസത്തെ ആദ്യ സന്ദർശനസ്ഥലം സ്വർഗ്ഗാരോഹണ പള്ളിയായിരുന്നു. ഇവിടെ നിന്നാണു യേശു സ്വർഗ്ഗാരോഹണം ചെയ്തത്. ശിഷ്യന്മാരോടു സംസാരിച്ചശേഷം സ്വർഗ്ഗത്തിലേക്കു കരേറി. വർഷങ്ങൾക്കുമുമ്പ് ക്രിസ്തീയ ദേവാലയമായിരുന്ന ഈ പള്ളി ഇന്നു ഒരു മുസ്ലീം ദേവാലയമാണ്. പിന്നീടു ഒലിവ് മലയിൽ സ്ഥിതിചെയ്യുന്ന പാറ്റർ നോസ്റ്റർ എന്നു പേരുള്ള ദേവലയത്തിൽ പോയി. ഇവിടെ വച്ചാണു യേശു തന്റെ ശിഷ്യന്മാർക്ക് "സ്വർഗ്ഗസ്ഥനായ പിതാവേ" എന്ന പ്രാർത്ഥന പറഞ്ഞു കൊടുത്തത്. മലയാളം ഉൾപ്പെടെ 82 ഭാഷകളിൽ ഈ പ്രാർത്ഥന പള്ളിയുടെ പുറം ചുവരിൽ ആലേഖനം ചെയ്തിട്ടുണ്ട്. ഒലിവ് മലയുടെ ചെരുവിലായി ജെറുസലേം നഗരത്തിനു അഭിമുഖമായി സ്ഥിതിചെയ്യുന്ന ഡോമിനസ് ഫ്ളവെറ്റ് എന്ന ദേവാലയത്തിൽ വച്ചാണ് യേശു ജെറുശലേമിനെ ചൊല്ലി കണ്ണീർ വാർത്തത്. "കല്ലിന്മേൽ കല്ലുശേഷിക്കാതെ" ജെറുസലേം തകർക്കപ്പെടുന്നത് മുൻകൂട്ടി കണ്ടാണ് യേശു കരഞ്ഞത്.

ലോകത്തിലെ മൂന്നു പ്രധാന മതങ്ങളായ യഹൂദാ, ക്രിസ്തീയ, ഇസ്ലാമിക മതങ്ങൾക്ക് ഒരുപോലെ പ്രധാനമായ ഒരു പുണ്യസ്ഥലമാണു ജെറുസലേം. ഈ നഗരത്തിലെ മോറിയാമലയിൽ വച്ചാണ് അബ്രഹാം ഇസ്സഹാക്കിനെ ബലികഴിക്കാൻ ഒരുങ്ങിയത്. വർഷങ്ങൾക്കുശേഷം കർത്താവിനെ കുരിശിലേറ്റിയ ഗോൽഗോത്താ എന്നു പിന്നീടു അറിയപ്പെട്ട സ്ഥലവും ഈ മോറിയാമല തന്നെ.

തുടർന്നു മാതാവിന്റെ ദേവാലയം കാണാൻ പോയി. ഇവിടെവച്ചാണു മാതാവു സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടത്. മാതാവു മരിച്ച സ്ഥലത്തുനിന്നു അധികം അകലെയല്ല ഈ സ്ഥലം. ഭൂമിക്കടിയിലേക്ക് 45 പടവുകൾ ഇറങ്ങിച്ചെന്നാൽ കാണുന്ന ഈ സ്ഥലത്തു ഗ്രീക്ക് ഓർത്തഡോക്സ് പള്ളി സ്ഥിതി ചെയ്യുന്നു. പിന്നീടു മറിയം ഏലിസബേത്തിനെ സന്ദർശിച്ച സ്ഥലത്തു ഞങ്ങൾ പോയി. അതിനു ശേഷം സ്നാപക യോഹന്നാന്റെ ജന്മസ്ഥലം, ദാവീദിന്റെ കിണർ, ബെദ്‌ലഹേം പട്ടണം. രഹോലിന്റെ കല്ലറ, ആട്ടിടയന്മാരുടെ വയൽ, വി.ജെറോമിന്റെ കല്ലറ തുടങ്ങിയ പുണ്യസ്ഥലങ്ങളിലൂടെയായിരുന്നു യാത്ര. ഭൂമിക്കടിയിലെ ഒരു ഗുഹയിലാണ് വി.ജെറോമിന്റെ കല്ലറ. ഈ ഗുഹയിലിരുന്നാണ് വി. ജെറോം ആദ്യമായി ബൈബിൾ മുഴുവൻ ലത്തീനിലേക്ക് തർജ്ജമ ചെയ്തത്. കല്ലറയോടു ചേർന്ന മുറിയിലിരുന്ന് 20 വർഷമെടുത്താണ് ബൈബിൾ തർജ്ജമ പൂർത്തിയാക്കിയത്.

ബേദ്‌ലഹേം പട്ടണത്തിലെ യേശു ജനിച്ച സ്ഥലം ഭൂമിക്കടിയിലാണ് ഇന്നു കാണുന്നത്. യേശുവിനെ പ്രസവിച്ച ശേഷം പുൽത്തൊട്ടിയിൽ കിടത്തിയ സ്ഥലം ഇന്ന് വിശുദ്ധ നാട്ടിലെ പ്രധാന പുണ്യസന്ദർശന സ്ഥലമാണ്.

വരാനിരിക്കുന്ന പീഢാനുഭവത്തെപ്പറ്റിയോർത്ത് യേശു രക്തം വിയർത്തു പ്രാർത്ഥിച്ച ഗദ്സെമന തോട്ടത്തിലേക്കായിരുന്നു തുടർന്നുള്ള യാത്ര. വേലിയാൽ ചുറ്റപ്പെട്ട ആ തോട്ടത്തിൽ 2000 വർഷത്തിലേറെ പഴക്കമുള്ള ഒലിവുമരങ്ങൾ കാണാം. യേശുവിന്റെ കാലത്തുണ്ടായിരുന്ന ഈ ഒലിവ് മരങ്ങളിൽ ആണ്ടിലൊരിക്കൽ കായ്കൾ ഉണ്ടാകാറുണ്ടത്രേ. യേശു മരണവേദനയോടെ കമിഴ്ന്നുവീണു പ്രാർത്ഥിച്ച ആ തോട്ടത്തെ നോക്കി ഞാൻ നമസ്കരിച്ചു.

പിന്നീട് യേശുവിന്റെ അന്ത്യ അത്താഴം നടന്ന ഊട്ടുശാലയിലേക്കാണ് പോയത്. ഇവിടെ വച്ചാണ് യേശു വി. കുർബാന സ്ഥാപിച്ചത്. പരിശുദ്ധാത്മാവ് അഗ്നിനാവിന്റെ രൂപത്തിൽ ശിഷ്യൻമാരുടെ മേൽ ആവസിച്ച് എല്ലാവരും പരിശുദ്ധാത്മാവിന്റെ നിറവിൽ അന്യഭാഷ സംസാരിക്കാൻ തുടങ്ങിയതും അന്നാണ്. ജനം യേശുവിനെ കഴുതപ്പുറത്തിരുത്തി ഓശാന പാടിക്കൊണ്ട് സഞ്ചരിച്ച വഴിയിലൂടെ ഞങ്ങൾ നടന്നു. "ഓശാന! രാജാധിരാജന് ഓശാന" എന്നു പാട്ടു പാടിക്കൊണ്ടായിരുന്നു ഞങ്ങളുടെ യാത്ര. അടുത്തുകണ്ട ഒലിവുമരത്തിൽ നിന്ന് ഒരു ചെറിയ ശാഖ ഒടിച്ച് ഞാനത് ഉയർത്തിപ്പിടിച്ചിരുന്നു. മേലങ്കികൾ അഴിച്ചു വഴിയിൽ വിരിച്ചു രാജാധിരാജനായി അംഗീകരിച്ച യേശുവിനെ ഏതാനും ദിവസത്തിനകം കുരിശിലേറ്റി കൊല്ലുവാൻ വേണ്ടി അവർ പീലാത്തോസിന്റെ മുമ്പിൽ മുറവിളി കൂട്ടിയതോർത്തപ്പോൾ




കഫർന്നഹൂമിലെ സിനഗോഗ്

പീലാത്തോസിന്റെ മുമ്പിൽ വിചാരണയ്ക്കായി കൊണ്ടുവന്ന ഈ സ്ഥലം മുതൽ യേശുവിനെ കബറടക്കം ചെയ്ത സ്ഥലം വരെയുള്ള 14 പ്രധാന സ്ഥലങ്ങളാണ് കുരിശിന്റെ വഴിയായി കണക്കാക്കുന്നത്. ഏകദേശം 2 മണിക്കൂർ ദൈർഘ്യമുള്ള ഈ വഴിയിലൂടെയാണ് കർത്താവ് ഗോഗുൽത്താ മലയിലേക്ക് കുരിശു വഹിച്ചുകൊണ്ടു പോയത്. കല്ലുപാകിയ ഈ റോമൻ പാതയിൽ അന്നുണ്ടായിരുന്ന കല്ലുകളിൽ പലതും കാണാം.

പത്രോസിന്റെ പള്ളിയിരിക്കുന്ന ഇന്നത്തെ സ്ഥലം യേശുവിന്റെ കാലത്ത് യഹൂദരുടെ മഹാപുരോഹിതനായിരുന്ന കയ്യാഫാസിന്റെ ഭവനമായിരുന്നു. ഇവിടെവച്ചാണ് പത്രോസ് യേശുവിനെ തള്ളിപ്പറഞ്ഞത്. ഈ പള്ളിയുടെ അടിയിലായി കയ്യാഫാസിന്റെ ഭവനത്തിലെ മുറികളും ഭടന്മാർ കുതിരകളെ കെട്ടിയിരുന്ന ലായവും സ്ഥിതിചെയ്യുന്നു.

തുടരും......

ക്രൈസ്തവരെ പീഡിപ്പിക്കുകയും ദേവാലയങ്ങൾ നശിപ്പിക്കുകയും പുരോഹിതരെ തടവിലാക്കുകയും ചെയ്യുന്ന അത്തരം ആളുകൾ ഇന്നും ഉണ്ടല്ലോ എന്ന ചിന്ത എന്നെ വേദനിപ്പിച്ചു.

ഉണ്ണിയേശു പിറന്ന പുൽക്കൂടു കണ്ടശേഷം അതിനടുത്തുള്ള മിൽക്ക് ഗ്രോട്ടോ എന്ന പള്ളിയിലേക്കു പോയി. ഉണ്ണിയേശുവിനെ മാതാവ് പാലൂട്ടുന്ന സമയത്ത് ഒരുതുള്ളി പാല് നിലത്തു വീഴുകയും ഉടൻതന്നെ ആ പ്രദേശം മുഴുവൻ പാലു പോലെ വെൺമകൊണ്ട് പ്രകാശിക്കുകയും ചെയ്തു എന്നൊരു ഐതീഹ്യമുണ്ട്. ഇവിടെ ഈ പള്ളിയിൽ മാത്രം കാണുന്ന, മാതാവ് ഉണ്ണിയേശുവിനെ മുലയൂട്ടുന്ന, ഒരു ചിത്രം ചില്ലിട്ട് സൂക്ഷിച്ചിരിക്കുന്നു.

പീലാത്തോസിന്റെ ന്യായാസനമായ പ്രിട്ടോറിയം സ്ഥിതിചെയ്യുന്നിടത്തേക്കായിരുന്നു തുടർന്നുള്ള യാത്ര. റോമാസാമ്രാജ്യത്തിന്റെ ഒരു പ്രവിശ്യയായിരുന്ന യഹൂദയിലെ റോമൻ ഗവർണറായിരുന്ന പൊന്തിയോസ് പീലാത്തോസ് ഇവിടെ വച്ചാണ് കർത്താവിനെ കുരിശിലേറ്റി കൊല്ലാൻ വിധിച്ചത്. കർത്താവിനെ ചമ്മട്ടികൊണ്ട് അടിച്ചശേഷം തടവിൽ പാർപ്പിച്ച കാരാഗൃഹം ഭൂമിക്കടിയിൽ കാണാം. തടവുപുള്ളിയുടെ കാലുകളും കൈകളും ബന്ധിക്കാൻ ഉപയോഗിച്ചിരുന്ന കൽത്തളം ഒരു മുറിയിൽ സൂക്ഷിച്ചിരിക്കുന്നു. ഭൂമിക്കടിയിലെ ഗുഹകളിലിരുന്നു പ്രാർത്ഥിക്കുന്ന യൂറോപ്യൻ തീർത്ഥാടകരെ അവിടെ കണ്ടു.

## പരസ്യനിരക്കുകൾ
**ബ്ലാക്ക് & വൈറ്റ്**

| | | |
|---|---|---|
| ഫുൾ പേജ് | : | 2000 |
| ഹാഫ് പേജ് | : | 1000 |
| കാൽ പേജ് | : | 500 |
| മാട്രിമോണിയൽ1/8 | : | 250 |

## പരസ്യ നിരക്കുകൾ
**കളർ**

| | | |
|---|---|---|
| ബാക്ക് കവർ | : | 8000 |
| ഫ്രണ്ട് കവർ ഇന്നർ | : | 5000 |
| ബാക്ക് കവർ ഇന്നർ | : | 4000 |

സ്ഥിരമായി പരസ്യം നൽകുന്നവർക്ക് പ്രത്യേക ആനുകൂല്യം.

വിവാഹ ചരമ ജൂബിലികൾ, മാട്രിമോണിയൽ, ഉപകാര സ്മരണ തുടങ്ങിയ പരസ്യങ്ങൾ തന്ന് സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പത്രാധിപർ

ചരിത്രചർച്ച

സി.ഐ. ജോൺ, ചാപ്രത്ത്

# ഭാരതത്തിലെ ക്രിസ്ത്യാനികൾ



ഭാരതത്തിൽ 2000 വർഷത്തോളം പുരാതനമായ ക്രിസ്തീയ സമൂഹം ഏറ്റവും ചെറിയ ന്യൂനപക്ഷമാകാനുള്ള കാരണങ്ങൾ മനസ്സിലാക്കാൻ പല ചരിത്ര പുസ്തകങ്ങളും, വെബ്സൈറ്റിൽ നിന്നും ലഭിച്ച ലേഖനങ്ങളും പഠിച്ച് മനസ്സിലാക്കിയ വിവരങ്ങളിൽ നിന്നും വളരെ ചുരുക്കി തയാറാക്കിയ വസ്തുതകളാണ് താഴെ കൊടുത്തിരിക്കുന്നത്. പൂർണ്ണമായി എഴുതിയിട്ടുള്ള 2000 വർഷത്തെ ചരിത്രം എങ്ങും തന്നെ ലഭ്യമല്ല. എല്ലാം കേട്ടുകേൾവികളെ ആധാരമാക്കിയാണ്.

1. ഭാരതത്തിലെ ക്രിസ്ത്യാനികളുടെ സംഖ്യ 2011–ലെ സെൻസസ് പ്രകാരം 2.6%ഉം കേരളത്തിൽ 19%ഉം മാത്രമാണെന്നാണ് അറിയാൻ കഴിഞ്ഞത്. കേരളത്തിലാണെങ്കിൽ പ്രതിവർഷ ശതമാനം കുറഞ്ഞുകൊണ്ടിരിക്കുകയാണ്.

2. ക്രിസ്താബ്ദം 40–ൽ വിശുദ്ധ മാർത്തോമ്മാശ്ലീഹാ, എദേസാ, പാർത്ഥ്യാ മുതലായ രാജ്യങ്ങളിൽ ക്രിസ്തുമത പ്രചാരണത്തിൽ കൂടെ അനേകായിരങ്ങളെ ക്രിസ്ത്യാനികൾ ആക്കി, പള്ളികൾ സ്ഥാപിച്ച്, ഭാരതത്തിന്റെ വടക്കു പടിഞ്ഞാറൻ പ്രദേശമായ തക്ഷശിലയിൽ എത്തി. അന്ന് അവിടത്തെ രാജാവായിരുന്ന ഗോണ്ടഫോറസിന്റെ പ്രധാന ശില്പിയായി പ്രവർത്തിച്ചിരുന്നുവെന്നാണ് ചരിത്രം സാക്ഷ്യപ്പെടുത്തുന്നത്.

അക്കാലത്ത് ഒരു ചരിത്രവും ആരും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

എല്ലാം പിൽക്കാലത്ത് എഴുതിയതും ഇപ്പോൾ എഴുതിക്കൊണ്ടിരിക്കുന്നതും പൂർവികന്മാരിൽ നിന്നും പിൻഗാമികൾക്ക് പറഞ്ഞുകൊടുത്തിട്ടുള്ളതും കേട്ടിട്ടുള്ളതും, പാണൻപാട്ട്, വില്ലടിച്ചാൻ പാട്ട്, മാർഗ്ഗം കളി പാട്ട്, മുതലായവയിൽ കൂടെ ലഭിച്ചിട്ടുള്ളതുമാണ്.

3. എ.ഡി. 48ൽ അദ്ദേഹം തക്ഷശിലയിലും ഉത്തരേന്ത്യയിലും ഉണ്ടായിരുന്നതായും അക്കാലയളവിൽ കാശ്മീർ, ടിബറ്റ്, ബംഗാൾ, ഒഡിഷ, വഴക്കുകിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലും ചൈനവരെയും, യാത്രചെയ്ത് ക്രിസ്തുമത സന്ദേശങ്ങൾ ജനങ്ങളെ അറിയിച്ച് വിശ്വാസികൾ ആക്കിയെന്നുമാണ് ചരിത്രം.

4. വിശുദ്ധ തോമാശ്ലീഹാ എഡേസായിലെ രാജാവിന്റെ രോഗബാധിതയായിരുന്ന മകളെ സൗഖ്യമാക്കി. രാജാവിനെയും കുടുംബത്തെയും അവിടത്തെ ജനങ്ങളെയും ക്രിസ്ത്യാനികളാക്കിയ ശേഷം കിഴക്കോട്ടു യാത്ര തിരിക്കുമ്പോൾ അദ്ദേഹത്തിന്റെ കൂടെ ഹാബാൻ എന്ന വ്യാപാരിയും സുവിശേഷകരും കുറെ യഹൂദന്മാരും ഉണ്ടായിരുന്നു. അവരെല്ലാം കൂടായാണ് തക്ഷശിലയിലെത്തിയത്.

5. വിശുദ്ധ തോമാശ്ലീഹാ ഉത്തരേന്ത്യയിൽ എത്തുന്ന കാലത്ത് അവിടെ ആര്യൻമാരിൽ നിന്നും ദ്രാവിഡരിൽ നിന്നും, ആദിവാസികളിൽ നിന്നും മത പരിവർത്തനം ചെയ്ത ബുദ്ധമത ജൈനമതവിശ്വാസികളായിരുന്നു അധികവും. അവരാണ് മാർതോമാശ്ലീഹായുടെ സുവിശേഷ പ്രവർത്തനം മൂലം വീണ്ടും പരിവർത്തനം ചെയ്ത് ക്രിസ്തു മത വിശ്വാസികൾ ആയത്. അദ്ദേഹത്തിന്റെ വടക്കേ ഇന്ത്യയിലെ കാലയളവുകളിൽ അനേകം യഹൂദർ അവിടെ എത്തിയിട്ടുണ്ടെന്നും അവരാണ് ഇപ്പോൾ ഉത്തര പൂർവഭാഗത്തുള്ള യഹൂദന്മാരെന്നുമാണ് ചരിത്ര രേഖകൾ.

6. എ.ഡി. 48 ൽ മാതാവ് മറിയാമിന്റെ മരണ വാർത്തയറിഞ്ഞ് തോമാശ്ലീഹാ തിരിച്ച് യരുശലേമിലേക്ക് പോയി. അവിടെ സുവിശേഷപ്രവർത്തനം തുടർന്നു കൊണ്ടിരുന്നു.

7. എ.ഡി. 52ൽ വീണ്ടും അദ്ദേഹം കുറെ വിശ്വസ്ത യഹൂദവ്യവസായികളോടൊപ്പം മുസിരിസ് (കൊടുങ്ങല്ലൂർ) തുറമുഖം വഴി ഇന്നത്തെ കേരളത്തിൽ എത്തി. നേരത്തെ തന്നെ, കൊടുങ്ങല്ലൂരിനടുത്ത് മാല്യാങ്കരയിൽ താമസമാക്കിയിരുന്ന യഹൂദ സമൂഹത്തോടൊപ്പം താമസിച്ചു. യഹൂദന്മാർക്ക് ബി.സി. 500 മുതൽ ഇന്ത്യയും കേരളവുമായി വ്യാപാര ബന്ധം ഉണ്ടായിരുന്നതിനാൽ, അവർക്ക് കേരളത്തിലെ ഭാഷ അറിയാമായിരുന്നു. തോമാശ്ലീഹായ്ക്കും അത് സഹായകമായി. അദ്ദേഹം ക്രിസ്തുവിന്റെ ആദർശങ്ങളും വചനങ്ങളും, ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിച്ചു. മാല്യാങ്കരയിൽ ഉണ്ടായിരുന്ന യഹൂദന്മാരുടെ സഹായത്തോടുകൂടെ അവരുൾപ്പെടെ അനേകരെ ക്രിസ്തുമത വിശ്വാസികൾ ആക്കി. പ്രാർത്ഥനാ കൂട്ടങ്ങൾ സ്ഥാപിച്ചു.

8. വിശുദ്ധ തോമാശ്ലീഹാ കേരളത്തിൽ വരുമ്പോൾ ഇവിടുത്തെ ജനങ്ങൾ കൂടുതലും ബുദ്ധമതവിശ്വാസികൾ ആയിരുന്നു. ഒരു കാര്യം പ്രത്യേകം പറയുവാനുള്ളത് ഇവിടത്തെ ആദിമജാതിയും, ദ്രാവിഡ വംശജരും, ശൂദ്രരും, ബുദ്ധമതവിശ്വാസികൾ ആയപ്പോൾ ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യവിഭാഗത്തിൽപ്പെട്ടവർ മാത്രമാണ് ജൈനമതവിശ്വാസികൾ ആയത്.

കേരളത്തിൽ അധികവും ബുദ്ധമത വിശ്വാസികൾ ആയിരുന്നുവെങ്കിലും, മറ്റു വംശങ്ങൾ - ബ്രാഹ്മണർ, ക്ഷത്രിയർ മുതലായവരും ഉണ്ടായിരുന്നു. തോമാശ്ലീഹാ പകലോമറ്റം, കള്ളി, കാളിയാങ്കൽ, ശങ്കരപുരി മുതലായ ബ്രാഹ്മണ കുടുംബങ്ങളെ മതപരിവർത്തനം ചെയത് ക്രിസ്ത്യാനികളാക്കി എന്ന ചരിത്ര സത്യത്തെ അടുത്തകാലത്ത് ചില ചരിത്രാന്വേഷികൾ ചോദ്യം ചെയ്യുന്നുണ്ട്. അവരുടെ അഭിപ്രായപ്രകാരം എ.ഡി. 52ൽ കേരളത്തിൽ ബ്രാഹ്മണർ ഇല്ലായിരുന്നു. തോമാശ്ലീഹാ മതപരിവർത്തനം ചെയ്തത് യഹൂദന്മാരെയും മറ്റു ജാതിക്കാരെയുമാണെന്ന് ചില തെറ്റായ അഭിപ്രായങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്.

9. മഹാകുടുംബസന്ദേശം ഏപ്രിൽ -മെയ് 2013 ലെ പൈതൃകചിന്ത ലേഖനം

"മലങ്കര നസ്രാണികളുടെ യഹൂദ പൈതൃകം" ഫാ. ഡോ. ജേക്കബ് കുര്യൻ - പകലോമറ്റം മഹാകുടുംബത്തിനു തന്നെ ഒരു ചോദ്യചിഹ്നമായിരിക്കുകയാണ്. അദ്ദേഹത്തിന്റെ ലേഖനത്തിലെ കുറെ ഭാഗങ്ങൾ നിലവിലുള്ള ചരിത്ര സത്യങ്ങളെ വളച്ചൊടിച്ചിട്ടുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

10. കേരളത്തിൽ ബി.സി. 800 മുതൽ ബ്രാഹ്മണ സാന്നിദ്ധ്യം ഉള്ളതായിട്ടാണ് ചരിത്രം. പരശുരാമൻ ബ്രാഹ്മണനായിരുന്നു. അദ്ദേഹം ഒരു വലിയ സൈന്യ സന്നാഹത്തോടുകൂടിയാണ് വടക്കുനിന്നു തെക്കോട്ടു വെട്ടിപ്പിടിച്ച് കേരളത്തിൽ എത്തിയത്. മഴു ആയുധമായിരുന്ന അദ്ദേഹം, അനേകം ക്ഷത്രിയരും മറ്റുമായിരുന്ന രാജാക്കന്മാരെ പരാജയപ്പെടുത്തിയാണ് കേരളത്തിൽ എത്തിയത്.

അവരിൽ കുറെ പേരെങ്കിലും, പിടിച്ചടക്കിയ കേരളത്തിൽ താമസം ഉറപ്പിച്ചു കാണും.

അതിനുമുമ്പ് വാമനൻ കേരളത്തിൽ വന്ന് മഹാബലിയെ തോല്പിച്ചുവെന്നും വിശ്വസിക്കുന്നു. വാമനൻ ബ്രാഹ്മണനായിരുന്നല്ലോ.

11. പ്രഗൽഭനായ ചാണക്യൻ കൊല്ലത്തുകാരൻ ബ്രാഹ്മണൻ ആയിരുന്നുവെന്നാണ് ചരിത്രം. അങ്ങനെ തെക്കെ ഇന്ത്യയിൽ ബ്രാഹ്മണർ എത്തിയിരുന്നു. ക്രിസ്താബ്ദത്തിനും 5000ത്തോളം വർഷങ്ങൾക്കു മുമ്പ് ഇന്ത്യയിലെത്തി മനുസ്മൃതിയും വേദങ്ങളും ഉപനിഷത്തുകളും ഉണ്ടാക്കി വർണ്ണങ്ങളായി സ്വയം വിഭജിച്ച ആര്യന്മാർ തെക്കേ ഇന്ത്യയിൽ എത്തിയില്ല എന്ന് വിശ്വസിക്കാൻ പ്രയാസമാണ്. ക്രിസ്തുവിന് മുൻപ് ഇന്ത്യയുടെ വടക്കേ അറ്റത്ത് സ്ഥാപിതമായ ബുദ്ധമതത്തിന് സിലോൺ ബർമ്മ മുതലായ ദൂരദേശങ്ങളിൽ എത്താമെങ്കിൽ പിന്നെ എന്തുകൊണ്ടാണ് ആര്യൻമാർ തെക്കേ ഇന്ത്യയിൽ എത്തിപ്പെടാഞ്ഞത്.

12. വിശുദ്ധ തോമാശ്ലീഹായാൽ മതപരിവർത്തനം ചെയ്ത കള്ളി, കാളിയാങ്കൽ, ശങ്കരപുരി പകലോമറ്റം ആദി കുടുംബങ്ങൾ ബ്രാഹ്മണരായിരുന്നു എന്നുള്ളതിന് വേറെയും ചരിത്രരേഖകൾ ഉണ്ട്. അദ്ദേഹം തെക്കെ ഇന്ത്യയിൽ വന്നതിനു ശേഷം പലസ്ഥലങ്ങളിലും മതപരിവർത്തനം നടത്തി. ക്രിസ്തീയ കൂട്ടായ്മകളും, പള്ളികളും സ്ഥാപിച്ചതു കൂടാതെ, സിലോൺ, ബർമ്മ, തെക്കെ ഏഷ്യ മുതലായ വിദൂരദേശങ്ങളിലും സഞ്ചരിച്ച് സുവിശേഷം പ്രചരിപ്പിച്ചതായി നാം മനസ്സിലാക്കിയിട്ടുണ്ടല്ലോ.

**പ്രഗൽഭനായ ചാണക്യൻ കൊല്ലത്തുകാരൻ ബ്രാഹ്മണൻ ആയിരുന്നുവെന്നാണ് ചരിത്രം. അങ്ങനെ തെക്കെ ഇന്ത്യയിൽ ബ്രാഹ്മണർ എത്തിയിരുന്നു. ക്രിസ്താബ്ദത്തിനും 5000ത്തോളം വർഷങ്ങൾക്കുമുമ്പ് ഇന്ത്യയിലെത്തി മനുസ്മൃതിയും വേദങ്ങളും ഉപനിഷത്തുകളും ഉണ്ടാക്കി വർണ്ണങ്ങളായി സ്വയം വിഭജിച്ച ആര്യന്മാർ തെക്കേ ഇന്ത്യയിൽ എത്തിയില്ല എന്ന് വിശ്വസിക്കാൻ പ്രയാസമാണ്. ക്രിസ്തുവിന് മുൻപ് ഇന്ത്യയുടെ വടക്കേ അറ്റത്ത് സ്ഥാപിതമായ ബുദ്ധമതത്തിന് സിലോൺ ബർമ്മ മുതലായ ദൂരദേശങ്ങളിൽ എത്താമെങ്കിൽ പിന്നെ എന്തുകൊണ്ടാണ് ആര്യൻമാർ തെക്കേ ഇന്ത്യയിൽ എത്തി**

13. ബുദ്ധമതക്കാർ ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുന്ന സ്ഥലത്തിനാണ് പള്ളി എന്നു വിളിച്ചിരുന്നത്. മല്ലപ്പള്ളി, നെടുങ്ങാടപ്പള്ളി, കാഞ്ഞിരപ്പള്ളി മുതലായ പള്ളി ചേർന്നുള്ള സ്ഥലങ്ങൾ ഒക്കെയും ബുദ്ധമതക്കാരുടെ വലിയ കൂട്ടായ്മകൾ ഉണ്ടായിരുന്ന ഭാഗങ്ങൾ ആണെന്നാണ് പറയപ്പെടുന്നത്. കേരളത്തിൽ ജൈനമത വിശ്വാസികൾ കുറവായിരുന്നു. ആദിവാസി, ദ്രാവിഡ, ശൂദ്ര വിഭാഗത്തിൽപെട്ടവരാണ്, അധികഭാഗവും. പക്ഷേ ആദ്യകാലത്തിലെ ഉന്നതവിഭാഗത്തിൽപ്പെട്ടവർ മാത്രമായിരുന്നു, അന്നും ഇന്നും ജൈനമതത്തിൽ ഉള്ളത്.

14. ഇന്ത്യയിൽ ആദി ശങ്കരാചാര്യരുടെ ഉത്ഥാനത്തോടുകൂടെ ഹിന്ദുമതം പുനർജീവിപ്പിക്കപ്പെട്ടെങ്കിലും 12-ാം നൂറ്റാണ്ടുവരെ ബുദ്ധമത പ്രചാരണം ഉണ്ടായിരുന്നതായിട്ടാണ് ചരിത്രരേഖകൾ. ഈ കാലഘട്ടത്തിൽ തെക്കേ ഇന്ത്യയിലും വടക്കേ ഇന്ത്യയിലും ഗണ്യമായ ക്രിസ്തീയ കൂട്ടായ്മകളും ഉണ്ടാ

*ശേഷം പേജ് 15-ൽ*

**കുടുംബചിന്ത**

**എൻ.സി. മാത്യു, കൊതനല്ലൂർ**



ഇന്നത്തെ തലമുറയുടെ ശാപമാണ് മദ്യവും ലഹരിവസ്തുക്കളും; പ്രത്യേകിച്ചും യുവതലമുറയുടെ. ഇവരുടെ പോക്കു കാണുമ്പോൾ ദുഃഖമല്ല, ഭയമാണ് തോന്നുക. ലഹരിയെന്ന മഹാവിപത്തിനെ തോളിലേറ്റിക്കൊണ്ട് നാളെയുടെ വക്താക്കളായ സഹോദരങ്ങൾ നടത്തുന്ന ആക്രാന്തങ്ങളും ആക്രോശങ്ങളും കാണുമ്പോൾ നാളത്തെ തലമുറയുടെ സുരക്ഷിതത്വം എവിടെയെന്നു ചിന്തിച്ചുപോവുന്നു. ബെല്ലും ബ്രേക്കുമില്ലാത്ത ഇവരുടെ ഈ പോക്ക് എങ്ങോട്ട്; എത്രനാൾ?

അഭ്യസ്ഥ വിദ്യരിലും അനഭ്യസ്ഥവിദ്യരിലും കാൻസർ പോലെ കടന്നുകയറിക്കൊണ്ടിരിക്കുന്ന മഹാവിപത്താകുന്ന ഈ 'ലഹരിസേവ' എത്രയോ വ്യക്തിത്വങ്ങളെയാണ് താളടിയാക്കിക്കൊണ്ടിരിക്കുന്നത്. ഈ അത്യാപത്തിനെതിരെ നിർന്നിമേഷരായി നോക്കി നിന്നാൽ "ഞാൻ എന്റെ ഓട്ടം പൂർത്തിയാക്കി" എന്ന് ആർക്കാണ് പറയാൻ കഴിയുക. ഊർജ്ജസ്വലരായ യുവതലമുറയുടെ ആയുസ്സും ആരോഗ്യവും ജീവിത സ്വപ്നങ്ങളും പാടെ തകർത്തുകൊണ്ട് ലഹരിയെന്ന മഹാമാരി പെയ്തൊഴിയാതെ മഹാമേരുവായി അരങ്ങുതകർത്തുകൊണ്ടിരിക്കുന്നു. വിവിധ രാഷ്ട്രീയത്തിന്റെ പേരുംപറഞ്ഞ് കാലാകാലങ്ങളിൽ മാറി മാറി വരുന്ന അധികാര കോമരങ്ങൾ ഖജനാവിൽ പണം നിറയ്ക്കുന്നതിനുവേണ്ടി അവരവരുടെ ഹിതത്തിനൊത്തവണ്ണം മദ്യനയം മാറ്റിക്കൊണ്ടിരിക്കുന്നത് അധികമാരും കാണുന്നില്ല. "കള്ളുഷാപ്പുകളും ബിവറേജുകളും കയ്യെത്താദൂരത്ത്" എന്ന മദ്യനയം തങ്ങളുടെ സേവന വ്യഗ്രതയുടെ ഭാഗമായല്ലേ സ്വീകരിച്ചുപോരുന്നത്.'

ലഹരിയെന്ന കരാളസർപ്പത്തിന്റെ ദംശനമേറ്റു ശവപ്പറമ്പാകുന്ന നമ്മുടെ കുടുംബങ്ങളെ, മക്കളെ, സഹോദരങ്ങളെ കാണുമ്പോൾ ഉള്ളിന്റെ ഉള്ളിൽ

# സമയം സമാഗതമായി സഹോദരാ ഉണർന്നാലും



എവിടെയോ ഒരാകുലതയുടെ അലതല്ലൽ- അതൊന്നുമാത്രമാണ് ഈ ലേഖനമെഴുതാൻ എന്നെ പ്രേരിപ്പിച്ച അന്തസ്സത്ത. ഇതൊരു ലേഖനമെന്നതിലുപരി മനുഷ്യത്വം മരവിക്കാത്ത ഒരു ചിന്തകന്റെ ആത്മനൊമ്പരങ്ങൾ എന്നതാണ് വാസ്തവം.

ഒറ്റപ്പെട്ടു പോകുന്ന കുടുംബബന്ധങ്ങൾ, തൂത്തെറിയപ്പെടുന്ന കുരുന്നു ജീവിതങ്ങൾ, അരക്ഷിതത്വത്തിന്റെ വകഭേദങ്ങളായി ഞെരിഞ്ഞമരുന്ന വാർദ്ധക്യങ്ങൾ, എരിപൊരിയുന്ന വയറുമായി തെരിവിലേക്കെറിയപ്പെടുന്ന ബാലമനസുകൾ - അവരാണല്ലോ നാളത്തെ തലമുറയുടെ ശക്തിശ്രോതസ്സ് എന്ന സത്യം ലഹരി വസ്തുക്കളുടെ വ്യാപാരികളോ കാലത്തിനൊത്തു നയം മാറ്റി മദ്യവ്യാപാരത്തിലൂടെ കോടികൾ ഖജനാവിലാക്കാൻ വെമ്പൽ കൊള്ളുന്ന സർക്കാരോ ഒന്നോർത്തിരുന്നെങ്കിൽ എന്ന് ഈ എളിയവൻ അറിയാതെ ചിന്തിച്ചുപോവുന്നു.

ജന്മം കൊണ്ട നാടിനെയും പിറന്നുവീണ വീടിനെയും, ജന്മം നൽകിയ മാതാപിതാക്കളെയും മറന്ന്, സ്വന്തം രക്തത്തിൽ പിറന്ന കുഞ്ഞുങ്ങളെ പട്ടിണികോലങ്ങളാക്കി മാറ്റിക്കൊണ്ടു ലഹരി നൽകിയ ഭീഭത്സതയുമായി രാത്രിയുടെ രണ്ടാം യാമത്തിലും

> **ഒറ്റപ്പെട്ടു പോകുന്ന കുടുംബബന്ധങ്ങൾ, തൂത്തെറിയപ്പെടുന്ന കുരുന്നു ജീവിതങ്ങൾ, അരക്ഷിതത്വത്തിന്റെ വകഭേദങ്ങളായി ഞെരിഞ്ഞമരുന്ന വാർദ്ധക്യങ്ങൾ, എരിപൊരിയുന്ന വയറുമായി തെരിവിലേക്കെറിയപ്പെടുന്ന ബാലമനസ്സുകൾ – അവരാണല്ലോ നാളത്തെ തലമുറയുടെ ശക്തിശ്രോതസ്സ് എന്ന സത്യം ലഹരി വസ്തുക്കളുടെ വ്യാപാരികളോ കാലത്തിനൊത്തു നയം മാറ്റി മദ്യവ്യാപാരത്തിലൂടെ കോടികൾ ഖജനാവിലാക്കാൻ വെമ്പൽ കൊള്ളുന്ന സർക്കാരോ ഒന്നോർത്തിരുന്നെങ്കിൽ എന്ന് ഈ എളിയവൻ അറിയാതെ ചിന്തിച്ചുപോവുന്നു.**

മൂന്നാം യാമത്തിലും കയറിവന്ന് സ്വന്തം കുഞ്ഞിനെ ഉദരത്തിൽ ചുമന്നുകൊണ്ടു ഭർത്താവിനെ സ്വീകരിക്കാൻ ഉറക്കമൊഴിച്ചിരിക്കുന്ന പാവം സ്നേഹമയിയായ ഭാര്യയുടെ നിറവയറിനു നേരെ കാലുയർത്താൻ മടികാട്ടാത്ത മനുഷ്യാ നീ മനുഷ്യനോ പിശാചോ? പെറ്റമ്മയുടെ ഈറ്റുനോവിനു വിലപേശാൻ ഊറ്റം നല്കുന്ന ഈ ലഹരി നിന്റെ ആയുസ്സിനെ ഒരു ദിസം കൂട്ടിത്തരാൻ ഉപോൽബലകമല്ലെന്ന സത്യം സഹോദരാ നീ അറിഞ്ഞാലും!!

മഹാനായ പാൽക്കിവാല ഒരിക്കൽ പറയുകയുണ്ടായി "ഇന്ത്യയിൽ ഇന്നു പലതിനും ക്ഷാമമുണ്ട്; എന്നാൽ സ്വഭാവശുദ്ധിയുള്ള മനുഷ്യനോളം ക്ഷാമമുള്ള മറ്റൊന്നുമില്ല"യെന്ന്. ഇനിയും ഈ ദുരവസ്ഥ എത്രനാൾ തുടരണം, നമുക്കു നമ്മോടു തന്നെ ചോദിക്കാം. ഇതിലേക്കു നയിക്കുന്ന ദുരവസ്ഥയെ ഇനിയെങ്കിലും നാം തിരിച്ചറിയണം. സ്വയമേ തിരിച്ചറിയാൻ കഴിയാത്തവരെ മറ്റുള്ളവർ സ്നേഹത്തിന്റെ ഭാഷയിൽ തിരുത്താൻ ശ്രമിക്കണം. ഒരിക്കലും കുറ്റപ്പെടുത്തരുത്. ഇവരെ തിരുത്തുവാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട് എന്ന സത്യവും നമ്മെ നയിക്കട്ടെ; നല്ല നാളെക്കു വേണ്ടി.

ഇന്നു പല മദ്യവിരുദ്ധ പ്രസ്ഥാനങ്ങളും പല രൂപത്തിലും ഭാവത്തിലും നിലവിലുണ്ടെങ്കിലും അവയിൽ പലതും കടലാസു പ്രസ്ഥാനങ്ങളോ നിലനിൽപിന്റെ പേരിലുള്ള നോക്കുകുത്തികളോ മാത്രമായി മാറിക്കൊണ്ടിരിക്കുന്നു. രാക്കോഴി കൂവുന്നതുപോലെ എവിടൊക്കെയോ ഇരുന്നുകൊണ്ട് ചില അപശബ്ദങ്ങൾ പുറപ്പെടുവിക്കുന്നതിലുപരി നിർവികാരതയിൽ നിശബ്ദം നിലനിൽക്കുന്ന ഈ പ്രസ്ഥാനങ്ങൾ എന്തിന് ആർക്കുവേണ്ടിയെന്നത് തലക്കോഴികൾ ചിന്തിക്കണം. ദൈവം അനുവദിച്ചു നൽകുന്ന നല്ല നാളകളെ ലഹരിവിമുക്തമാക്കാൻ ആർക്കു കഴിയുന്നുവോ അവരായിരിക്കാം വരും തലമുറയുടെ ചുക്കാൻ പിടിക്കുന്നർ, അവിടെയാണ് ദൈവത്തിന്റെ നാട് എന്ന് അറിയപ്പെടുന്ന നമ്മുടെ നാട് അതിന്റെ തനിമയിൽ എത്തിച്ചേരുന്നതും.

എല്ലാ മതങ്ങളും എതിർക്കുന്ന ഒരു വലിയ വിപത്താണ് ലഹരി വസ്തുക്കളും അവയുടെ ഉപയോഗവും. എന്നാൽ അതിനെതിരെ ക്രിയാത്മകമായി പ്രവർത്തിക്കാൻ അതിനെ എതിർക്കുന്ന പ്രസ്ഥാനങ്ങൾക്കുപോലും കഴിയുന്നില്ല. എവിടെയായാലും പതഞ്ഞു പൊങ്ങുന്ന അഭിപ്രായ വ്യത്യാസങ്ങളുടെയും അധികാരമോഹങ്ങളുടെയും മണവും മാന്ദ്യവും മാത്രം.

ഇതിനെതിരെ അശ്വമേധയാഗം അഴിച്ചുവിടാൻ ശക്തിയും ചങ്കുറപ്പുമുള്ള ചാരുതയാർന്ന വ്യക്തിത്വങ്ങളേ നിങ്ങൾ ഒന്നിച്ചൊന്നായി ഉണർന്നു പ്രവർത്തിക്കാൻ സമയം സമാഗതമായിരിക്കുന്നു. സഭാ നേതാക്കളെ, സാംസ്കാരിക നായകന്മാരെ നിങ്ങളും ഉണർന്നാലും; ഈ മഹാമേരുവിനെ തുടച്ചുമാറ്റാൻ.

**സൗഹൃദസംഗമം**

# പനിക്കിടക്കയിലേക്ക് അദ്ദേഹം വന്നു

### *ഫാ. ബോബി ജോസ് കട്ടിക്കാട് എന്ന കപ്പൂച്ചിൻ സന്യാസിയെ സിനിമാനടൻ മോഹൻലാൽ കണ്ടുമുട്ടിയപ്പോൾ*

രണ്ടുദിവസമായി പനിച്ചുകിടക്കുകയായിരുന്നു ഞാൻ. പനിയെന്നാൽ ചെറിയ തരത്തിലുള്ളതല്ല. പൊള്ളുന്ന പനി. ശരീരമാകെ വേദന. രണ്ടു ദിവസം എന്റെ ഷൂട്ടിംഗ് വരെ നിർത്തിവയ്ക്കേണ്ടി വന്നു. മഴക്കാലത്ത് ഒരുതവണയെങ്കിലും പനിക്കാത്തവർ മലയാളിയല്ല എന്ന അവസ്ഥ വന്നിട്ടുണ്ട്. മണ്ണിലും വെള്ളത്തിലും വായുവിലും ഭക്ഷണത്തിലുമെല്ലാം അത്രമാത്രം മാലിന്യം നാം തന്നെ കലർത്തിക്കഴിഞ്ഞിരിക്കുന്നു. പനി വന്നില്ലെങ്കിലേ അത്ഭുതമുള്ളൂ. എനിക്കും വന്നു. അങ്ങനെ ഞാനുമൊരു സമ്പൂർണ്ണ മലയാളിയായി.



അസുഖം ബാധിച്ചുകിടക്കുമ്പോഴാണ് നാം ഏറ്റവുമധികം ഒറ്റപ്പെടുക. നാം നമ്മോടു തന്നെ ചേർന്നു കിടക്കുന്ന സമയമാണത്. ഓർമ്മകളും ആലോചനകളുമായിരിക്കും അപ്പോൾ മനസ്സിൽ നിറയെ. എന്റെ അവസ്ഥയും മറ്റൊന്നായിരുന്നില്ല. നഗരത്തിൽനിന്ന് അല്പമകലെ, പുഴയോരത്ത്, കെ.സി. ബാബുവിന്റെ വീട്ടിൽ തനിച്ചുകിടക്കുമ്പോൾ, മൂന്നര പതിറ്റാണ്ടിനിടെ ഈ വീട്ടിൽ നിന്ന് പരിചയിച്ച മനുഷ്യരും വളർന്ന ബന്ധങ്ങളും വഴിപിരിഞ്ഞുപോയവരും പറഞ്ഞുകേട്ടവരും എന്റെ മനസ്സിൽ വന്നു നിറഞ്ഞു. അക്കൂട്ടത്തിൽ ഒരു മനുഷ്യൻ ആലോചനകളിൽ പ്രത്യേകമായുണ്ടായിരുന്നു. അദ്ദേഹത്തെ ഞാൻ അതുവരെ കണ്ടിട്ടില്ലായിരുന്നു.

ബാബുച്ചായന്റെ സംസാരങ്ങളിൽ പലപ്പോഴും ഈ മനുഷ്യൻ കടന്നുവന്നിരുന്നു. ഫാ. ബോബി ജോസ് കട്ടിക്കാട് എന്ന കപ്പൂച്ചിൻ സന്യാസിയായിരുന്നു അത്. ബോബിയച്ചൻ എന്നായിരുന്നു ബാബുച്ചായൻ അദ്ദേഹത്തെ വിളിച്ചിരുന്നത്. ബോബിയച്ചന്റെ ഏറ്റവും വലിയ ഗുണമായി ബാബുച്ചായൻ പറയുമായിരുന്നു: "ആരെപ്പറ്റിയും മോശമായി ഒന്നും പറയാത്ത ആൾ"എന്ന്. ചെറിയ രീതിയിലെങ്കിലും ഞാനും ആ നന്മയിലേക്ക് നടന്നടുക്കാൻ ശ്രമിക്കുന്നയാളാണ്. ആരെപ്പറ്റിയും മോശവും ദോഷവും പറയാത്തതല്ല, അങ്ങനെയൊന്നും കാണാത്തതുകൊണ്ടാണ്. കണ്ടാലല്ലേ പറയാൻ സാധിക്കൂ.



മനുഷ്യരുടെ നല്ലവശങ്ങളിലേക്ക് മാത്രമേ ഞാൻ നോക്കാറുള്ളൂ. എല്ലാവർക്കും ചീത്തവശങ്ങളുണ്ടാവാം. എനിക്കത് കേൾക്കാനോ പറയാനോ താല്പര്യമില്ല എന്നു മാത്രം. ബോബി അച്ചനുമായി മുമ്പ്

ഒരു തവണ മാത്രം ഞാൻ ഫോണിൽ സംസാരിച്ചിരുന്നു. ഇമ്പമുള്ള, നനവുള്ള ശബ്ദം. അതിൽ കരുണ എന്ന വികാരം മുഴങ്ങുന്നതുപോലെ തോന്നി, അന്ന്. ബോബിയച്ചന്റെ പല പ്രത്യേകതകളെക്കുറിച്ചും ബാബുച്ചായൻ പറയുമായിരുന്നു. ചെരുപ്പിടാറില്ല, അധികം പണമോ ആവശ്യത്തിലധികം വസ്ത്രമോ കൈയിൽ കരുതാറില്ല. ഒറ്റയ്ക്ക് ഒരു കാറ്റുപോലെ സഞ്ചരിക്കുന്നയാളാണ്.... ഒരാളെകാണണം എന്നു തോന്നാൻ ഇതിലധികം എന്തുവേണം?

മാതൃഭൂമി നടത്തുന്ന ആത്മീയപ്രഭാഷണ പരമ്പരയിൽ രാമായണത്തെക്കുറിച്ചു സംസാരിക്കാനായിരുന്നു ബോബിയച്ചൻ വന്നത്. പ്രഭാഷണം കഴിഞ്ഞ് മഴ മൂടിക്കെട്ടിയ സന്ധ്യയിൽ അദ്ദേഹം വീട്ടിലേക്കു കയറിവന്നു. എത്രയോ പുരോഹിതന്മാരെ ഇത്രയും കാലത്തിനിടെ ഞാൻ പരിചയപ്പെട്ടിട്ടുണ്ട്. എന്നാൽ അവരെപ്പോലെയൊന്നുമായിരുന്നില്ല ഈ മനുഷ്യൻ - വാക്കിലും നോക്കിലും സാമിപ്യത്തിലും. പനിയാണെന്നറിഞ്ഞപ്പോൾ എന്നോട് പോയിക്കിടന്നോളാൻ പറഞ്ഞു. എന്നാൽ എനിക്കദ്ദേഹത്തിന്റെ അടുത്തിരിക്കണമായിരുന്നു. ചില മനുഷ്യരുടെ സാമിപ്യം നമ്മെ രോഗത്തിൽ നിന്നും ദുഃഖത്തിൽ നിന്നും മോചിപ്പിക്കും എന്നു കേട്ടിട്ടുണ്ട്.

കുറച്ചുസമയം പുഴയോരത്ത് ഒന്നിച്ചിരുന്നു, പുൽത്തകിടിയിലൂടെ നടന്നു, ഭക്ഷണം കഴിച്ചു. ഉച്ചത്തിലുള്ള സംസാരങ്ങളോ പൊട്ടിച്ചിരികളോ ഞങ്ങൾക്കിടയിലുണ്ടായില്ല. ബോബിയച്ചൻ എന്ന സന്യാസിയെ കേൾക്കുകയോ കാണുകയോ ആയിരുന്നില്ല, അനുഭവിക്കുകയായിരുന്നു ഞാൻ. വസന്തം നിറഞ്ഞ ഒരു വയലിന്റെ ചാരെ നിൽക്കുന്നതുപോലെ തോന്നി. മോഹൻലാൽ എന്ന നടനോടായിരുന്നില്ല ബോബിയച്ചൻ പതിഞ്ഞ സ്വരത്തിൽ സംസാരിച്ചതത്രയും, മോഹൻലാൽ എന്ന മനുഷ്യനോടായിരുന്നു. അങ്ങനെ അധികം സംഭവിക്കാറില്ല. പിരിയാൻ നേരത്ത് അദ്ദേഹം എന്റെ കൈപിടിച്ച് കണ്ണടച്ച് പ്രാർത്ഥിച്ചു. കനിവോടെ എന്റെ കണ്ണുകളിലേക്ക് നോക്കി. 'കൂട്ട്' എന്ന തന്റെ പുസ്തകം സ്നേഹത്തോടെ തന്നു.

രാത്രി ഒൻപതിന് ബോബിയച്ചൻ പോകാനിറങ്ങി. പിറ്റേന്ന് കൊൽക്കത്തയിലേക്ക് പോവുകയാണെന്നു പറഞ്ഞു. വിടപറയുമ്പോൾ 'വീണ്ടും കാണാം' എന്നോ 'ഞാൻ വിളിക്കാം' എന്നോ അദ്ദേഹം പറഞ്ഞില്ല. പകരം എന്റെ കണ്ണുകളിലേക്ക് കൂടുതൽ കരുണയോടെ ഒന്നു നോക്കുക മാത്രം ചെയ്തു. ആ നോട്ടത്തിന്റെ അർത്ഥം എനിക്കിപ്പോഴും പിടി കിട്ടിയിട്ടില്ല.

'കൂട്ട്' എന്ന് ബോബിയച്ചൻ തന്റെ പുസ്തകത്തിന് പേരിട്ടത് സൗഹൃദം എന്ന അർത്ഥത്തിലാവാം. എന്നാൽ ബോബി ജോസ് കട്ടിക്കാട് എന്ന മനുഷ്യനിൽ ഞാൻ കണ്ടത് സവിശേഷമായ കൂട്ട് (Recipe) ഉൾച്ചേർന്ന ഒരാളെയാണ്. ആ കൂട്ടിന്റെ നന്മയിൽ അല്പം എന്റെ ശിഷ്ട ജീവിതത്തിലേക്കും പകരണേ എന്നാണ് ഇപ്പോഴത്തെ എന്റെ പ്രാർത്ഥന.

(മാതൃഭൂമിയോട് കടപ്പാട്)

## ഭാരതത്തിലെ ക്രിസ്ത്യാനികൾ തുടർച്ച.....

യിരുന്നു. ഏഴാം നൂറ്റാണ്ടു മുതലുള്ള മുസ്ലീമുകളുടെ വരവോടുകൂടെ ക്രിസ്ത്യാനികളുടെ എണ്ണം കുറഞ്ഞു തുടങ്ങി. 12-ാം നൂറ്റാണ്ടിലെ മുസ്ലീം ആക്രമണത്തോടുകൂടെ വടക്കേ ഇന്ത്യയിൽ ക്രിസ്ത്യാനികൾ ഇല്ലാതായി എന്നു പറയപ്പെടുന്നു. 12-ാം നൂറ്റാണ്ടിലെ മുസ്ലീം രാജാവിന്റെ ആക്രമണം മൂലം മദ്രാസ് മൈലാപ്പൂർ ഭാഗത്ത് ക്രിസ്ത്യാനികൾ കൂട്ടത്തോടെ സ്ഥലം വിടുകയോ മതപരിവർത്തനം ചെയ്യുകയോ ചെയ്തു. 12-ാം നൂറ്റാണ്ടിലെ പാണ്ഡ്യ രാജാക്കന്മാരുടെ ആക്രമണം കൊണ്ടാണ് നിലക്കൽ പട്ടണം പൂർണ്ണമായി നശിപ്പിക്കുകയും അവിടത്തെ ക്രിസ്തീയ സമൂഹം മുഴുവൻ സ്ഥലം വിടുകയും ചെയ്തതെന്ന് ചരിത്രകാരന്മാർ പറയുന്നുണ്ട്.

15 തോമാശ്ലീഹായാൽ വടക്കേ ഇന്ത്യയിലും തെക്കെ ഇന്ത്യയിലും ക്രിസ്ത്യാനികൾ ആക്കപ്പെട്ട അനേകർ പിൽക്കാലത്ത് ബലപ്രയോഗത്തിലൂടെ പുനഃ പരിവർത്തനത്തിനു വിധേയരായി എന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. ഇപ്പോൾ ഇന്ത്യയിൽ ക്രിസ്ത്യാനികളുടെ സംഖ്യ 3 ശതമാനത്തിൽ താഴെയാണ്.

16. ഇന്ത്യയിൽ ഇപ്പോൾ ക്രിസ്ത്യാനികൾ അധികമുള്ളത് തെക്കേ ഇന്ത്യയിലും വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലുമാണ്. തെക്കേ ഇന്ത്യയിൽ ക്രിസ്തീയ സമൂഹങ്ങളിൽ അധികവും തോമാശ്ലീഹായാൽ സ്നാനപ്പെടുത്തിയവരുടെ പിൻഗാമികളും വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ വിദേശ മിഷനറിമാരുടെ പ്രവർത്തനത്തിന്റെ ഫലമായി സ്നാനപ്പെട്ട് മതപരിവർത്തനം ചെയ്തവരുമാണെന്നാണ് പറയപ്പെടുന്നത്.

17. കേരളത്തിൽ തോമാശ്ലീഹാ വരുമ്പോൾ കൊടുങ്ങല്ലൂരും അടുത്തും ഒരു വലിയ യഹൂദന്മാരുടെ കൂട്ടം വ്യാപാരികളായി ഉണ്ടായിരുന്നു എന്നാണ് ചരിത്രം. അവർ ക്രിസ്തുമതം സ്വീകരിച്ചിരിക്കണം.

തുടരും....

# അനുമോദിച്ചു

വയലത്തല: ഇംഗ്ലണ്ടിലെ നഗരമായ ലൗട്ടൻ പട്ടണത്തിലെ ഡപ്യൂട്ടി മേയറായി തിരഞ്ഞെടുക്കപ്പെട്ട പകലോമറ്റം റാന്നി റീജിയനിലെ കുഴിയംമണ്ണിൽ പള്ളിക്കൽ കുടുംബാംഗമായ ഫിലിപ്പ് ഏബ്രഹാമിനെ മാതൃ ഇടവകയായ മാർ സേവേറിയോസ് സ്ലീബാ ഓർത്തഡോക്സ് വലിയ പള്ളി ആദരിച്ചു.



ജൂലൈ 10–ാം തീയതി വി. കുർബാനയ്ക്കു ശേഷം നടന്ന അനുമോദന യോഗത്തിൽ വികാരി ഫാ. എം.ജെ. ജോൺ അദ്ധ്യക്ഷത വഹിച്ചു. ഓർത്തഡോക്സ് സഭയുടെ വൈദിക സെമിനാരി പ്രിൻസിപ്പൽ റവ. ഡോ. ഒ. തോമസ് മുഖ്യപ്രഭാഷണം നടത്തി. 1973–ൽ ഇംഗ്ലണ്ടിലേക്കു പോയ ഫിലിപ്പ് ഏബ്രഹാം സഭയ്ക്കും പകലോമറ്റം കുടുംബത്തിനും വയലത്തല ദേശത്തിനും അഭിമാനമാണെന്നും ഇനിയും കൂടുതൽ ഉയരങ്ങളിലേക്ക് എത്തട്ടെ എന്നും അച്ചൻ ആശംസിച്ചു. റാന്നി എം.എൽ.എ. രാജു ഏബ്രഹാം, ഫിലിപ്പ് ലണ്ടനിലെ മലയാളി സമൂഹത്തിന് ചെയ്യുന്ന സേവനം പത്തനംതിട്ട ജില്ല എക്കാലവും സ്മരിക്കും എന്നും ആശംസിച്ചു. അനുമോദനത്തിന് ഫിലിപ്പ് നന്ദി പറഞ്ഞു. ഒ.എം. ഫീലിപ്പോസ് സ്വാഗതവും ഡീക്കൻ ജോജി ഫിലിപ്പ് കൃതജ്ഞതയും പറഞ്ഞു. വെരി റവ. എം.എം. മാത്യൂസ് ഓലിക്കൽ ഫിലിപ്പിനെ പൊന്നാട അണിയിച്ചു. പള്ളിയുടെ വക മെമന്റോ സെക്രട്ടറിയും ട്രസ്റ്റിയും ചേർന്നു നൽകി.

കുടുംബയോഗത്തിന്റെ പ്രത്യേക യോഗം പൊന്നാലിത്തടത്തിൽ തമ്പാച്ചന്റെ വസതിയിൽ 9–ാം തീയതി ചേർന്ന് ഫിലിപ്പിനെ അനുമോദിച്ചു. പകലോമറ്റം റാന്നി റീജിയൻ ചെയർമാൻ കെ.കെ. ജോസ് മുഖ്യപ്രഭാഷണം നടത്തി.



ഇംഗ്ലണ്ടിലെ ലൗട്ടൻ പട്ടണത്തിലെ ഡപ്യൂട്ടി മേയറായി തെരഞ്ഞെടുക്കപ്പെട്ട പകലോമറ്റം കുഴിയമണ്ണിൽ കുടുംബാംഗമായ ശ്രീ. ഫിലിപ്പ് ഏബ്രഹാമിനെ അനുമോദിക്കുന്നതിന് മാതൃ ഇടവകയായ മാർ സേവേറിയോസ് സ്ലീബാ പള്ളിയിൽ നടന്ന യോഗത്തിൽ റാന്നി എം.എൽ.എ. ശ്രീ. രാജൂ ഏബ്രഹാം ആശംസാ പ്രസംഗം നടത്തുന്നു. ഫിലിപ്പ് ഏബ്രഹാം, വികാരി ഫാ.എം.ജെ. ജോൺ, ഓർത്തഡോക്സ് വൈദിക സെമിനാരി പ്രിൻസിപ്പൽ റവ. ഡോ. ഒ. തോമസ് എന്നിവരാണ് സമീപം.

# കുടുംബയോഗ വാർത്തകൾ

## പകലോമറ്റം പറാട്ട് കുടുംബയോഗം 65-ാമതു വാർഷികം

കുറ്റൂർ: പറാട്ട് കുടുംബയോഗത്തിന്റെ 65-ാം വാർഷിക പൊതുയോഗം കുറ്റൂർ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ 28.5.2016 ശനിയാഴ്ച രാവിലെ 9.30 നു സമാരംഭിച്ചു. പ്രാർത്ഥനാഗാനം വേദനവായന, പ്രസിഡന്റ് ഫാ. മാമ്മൻ തോമസിന്റെ പ്രാരംഭ പ്രാർത്ഥന എന്നിവയെ തുടർന്ന് ജോർജ് ഐസക് സ്പോൺസർ ചെയ്ത ബൈബിൾ ക്വിസ്, നടത്തപ്പെട്ടു. വിജയികൾക്ക് സമ്മാനം നൽകി.

11.30 ന് പ്രസിഡന്റ് ഫാ. മാമ്മൻ തോമസിന്റെ അധ്യക്ഷതയിൽ ചേർന്ന പൊതുയോഗം കുമാരി നീതു മേരി സണ്ണിയുടെ പ്രാർത്ഥനാ ഗാനത്തോടെ ആരംഭിച്ചു. ചെറിയാൻ മാത്യു സ്വാഗതം ആശംസിച്ചു. നടപ്പുവർഷം നിര്യാതരായ കുടുംബാംഗങ്ങളെ പി.വി. മത്തായി അനുസ്മരിക്കുകയും അവരോടുള്ള ആദരസൂചകമായി എല്ലാവരും എഴുന്നേറ്റുനിന്ന് ഒരു മിനിട്ട് മൗനപ്രാർത്ഥന നടത്തുകയും ചെയ്തു. അദ്ധ്യക്ഷ പ്രസംഗത്തിൽ കുടുംബത്തിൽ മുതിർന്ന വരെ കേട്ടല്ല കണ്ടാണ് കുട്ടികൾ പഠിക്കുന്നതെന്ന് നാം മറക്കരുതെന്ന് ചൂണ്ടിക്കാണിച്ചു. തുടർന്ന് പി. എ. ഐസക്ക് റിപ്പോർട്ടും ഫിലിപ്പ് പാണ്ടിശ്ശേരിൽ കണക്കും അവതരിപ്പിച്ചു പാസ്സാക്കി. കുമാരി ഷേബാ മേരി കുര്യന്റെ ഗാനത്തിനുശേഷം മുഖ്യസന്ദേശം നൽകിയ തിരുമൂലപുരം ബാലികാമഠം ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി സാറാമ്മ ഉമ്മൻ കുടുംബത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യച്യുതികളെപ്പറ്റി ഉദാഹരണസഹിതം പ്രതിപാദിച്ച് കുടുംബബന്ധത്തിൽ വിള്ളലുകൾ ഉണ്ടാക്കരുതെന്ന് ഉൽബോധിപ്പിച്ചു. പ്രതിഭകളെ ആദരിക്കൽ ചടങ്ങിൽ കേരള

## അനുമോദനം

ചങ്ങനാശേരി അതിരൂപതയിലെ മത അ



ദ്ധ്യാപകർക്കു വേണ്ടി ഏർപ്പെടുത്തിയിരിക്കുന്ന ഫാ. മാത്യു നടയ്ക്കൽ പുരസ്കാരം അയർക്കുന്നം കുടകശേരി കുടുംബത്തിലെ **ജോണിക്കുട്ടി സ്കറിയ MSc, M.A.** ക്ക് ലഭിച്ചു. ഇദ്ദേഹം അയർക്കുന്നം കുടകശേരിൽ കുടുംബാംഗമാണ്. ഇപ്പോൾ ചങ്ങനാശിരിയിൽ കുരിശുംമൂട് കോവുകുന്നേൽ വീട്ടിൽ താമസിക്കുന്നു. ഹയർ സെക്കന്ററി പ്രിൻസിപ്പലായി റിട്ടയർ ചെയ്ത ശ്രീ. ജോണിക്കുട്ടി സ്കറിയ 44 വർഷമായി സണ്ടേസ്കൂൾ അദ്ധ്യാപകനായും ഹെഡ്മാസ്റ്ററായും പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അതിരൂപതാ സണ്ടേസ്കൂൾ പ്രമോട്ടറായും അതിരൂപതാ മതബോധന കമ്മിറ്റി അംഗമായും ഇപ്പോൾ പ്രവർത്തിക്കുന്നു. അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗമായും എക്സിക്യൂട്ടീവ് അംഗമായും കേരള പ്രൈവറ്റ് സ്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ സ്റ്റേറ്റ് സെക്രട്ടറിയായും കേരളാ പ്രൈവറ്റ് സ്കൂൾ പോസ്റ്റ് ഗ്രാഡുവേറ്റ് ടീച്ചേഴ്സ് ഓർഗനൈസേഷന്റെ സ്ഥാപക സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. അനുമോദനങ്ങൾ.

## പൂർണ്ണ ശെമ്മാശനായി



കല്ലൂപ്പാറ റീജിയനിൽപെട്ട മമ്മരപ്പള്ളി കുടുംബയോഗ ശാഖയിലെ പ്രസിഡന്റ് രാജൻ ഏബ്രഹാമിന്റെയും സിസിലി രാജന്റെയും മകൻ **റെഞ്ജു രാജൻ** 27.6.2016 -ൽ കോലഞ്ചേരി മാർത്തോമ്മാ പള്ളിയിൽ വച്ച് പൂർണ്ണശെമ്മാശപട്ടം സ്വീകരിച്ചു. അനുമോദനങ്ങൾ

# നിര്യാതരായ കുടുംബാംഗങ്ങൾ

### ഏലിയാമ്മ മാത്യു (അമ്മിണി– 80)



മുണ്ടിയപ്പള്ളി: പാണ്ടിരിക്കലായ പൂത്തോട്ട് പരേതനായ പി.എം. മാത്യുവിന്റെ ഭാര്യ ഏലിയാമ്മ മാത്യു നിര്യാതയായി. മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ സംസ്കരിച്ചു. പരേത പൂങ്കോട്ടായിൽ കുടുംബാംഗമാണ്. മക്കൾ: റോയി, ബാബു, മിനി, കൊച്ചുമോൾ, കുഞ്ഞുമോൾ. മരുമക്കൾ : സാലി ഐരൂക്കുഴിയിൽ, ജോർജ് വർഗീസ് പാറയ്ക്കൽ, മിനി വാതപ്പള്ളിയിൽ, ജയിംസ് കുട്ടി പാലത്തടത്തിൽ, പൊന്നുമോൻ കിഴക്കേപ്പറമ്പിൽ. കുടുംബയോഗത്തിനുവേണ്ടി സക്കറിയാ ജോൺ (സെക്രട്ടറി) അനുശോചനം അറിയിച്ചു.

### എം.ഐ. ഏബ്രഹാം (തങ്കച്ചൻ– 69)

മണർകാട്: വെട്ടിക്കുന്നേലായ ഊറോട്ടു കാലായിൽ എം.ഐ. ഏബ്രഹാം നിര്യാതനായി. മണർകാട് മർത്തമറിയം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ഭാര്യ തിരുവല്ലാ കുറ്റൂർ പാണ്ടിശേരി പുത്തൻപുരയിൽ രമണി. മക്കൾ: ഷൈനി (ദക്ഷിണാഫ്രിക്ക), ഷൈജു, ഷൈല, ഷിനോജ് (ദുബായ്). മരുമക്കൾ: എബി കുര്യൻ ചാലുവേലിൽ മറ്റത്തിൽ കുഴിമറ്റം (ദക്ഷിണാഫ്രിക്ക), ഫാ. സക്കറിയ ചെട്ടിയേടത്ത് കാനം, എയ്ഞ്ചൽ (ദുബായ്). വെട്ടിക്കുന്നേൽ കുടുംബയോഗത്തിനുവേണ്ടി വൈസ് പ്രസിഡന്റ് ഫാ. കുറിയാക്കോസ് കാലായിൽ അനുശോചനം അറിയിക്കുകയും റീത്ത് സമർപ്പിക്കുകയും ചെയ്തു.



### ജോഷി – 45

പനയമ്പാല: വെട്ടിക്കുന്നേൽ അണ്ണായിക്കണ്ണത്തിലായ കണ്ണംകുളത്ത് ജോഷി (45) ഡൽഹിയിൽ നിര്യാതനായി. ശാന്തിപുരം സെന്റ് സ്റ്റീഫൻസ് മലങ്കര കത്തോലിക്കാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ഭാര്യ മുക്കൂർ മുണ്ടുകണ്ടത്തിൽ തേരടിയിൽ ലിസി മകൾ അലീന. വെട്ടിക്കുന്നേൽ കുടുംബയോഗം പനയമ്പാല ശാഖയ്ക്കുവേണ്ടി പ്രസിഡന്റ് വർഗീസ് വേലിക്കകത്ത് റീത്ത് സമർപ്പിച്ചു.



### പി.എം. തോമസ് (തമ്പി 80)



കാനം: പായിക്കാട് പറപ്പള്ളിത്താഴെ പുത്തൻപീടികയിൽ പി.എം. തോമസ് (തമ്പി 80) 6.1. 16–ൽ നിര്യാതനായി. എയർ ഇന്ത്യ ചീഫ് അക്കൗണ്ടന്റും പ്ലാന്ററും ആയിരുന്നു. കാനം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ഭാര്യ ലളിത. കോത്തല പുള്ളോലിക്കൽ കുടുംബാംഗമാണ്. മക്കൾ: മോൻസി (മുൻ വിപ്രോ മേധാവി, ബാംഗ്ലൂർ), സംഗീത. മരുമക്കൾ: ധനു വാച്ചാപറമ്പിൽ, അഡ്വ. ജോർജ് ആമ്പല്ലൂർ, കോട്ടയം. പരേതൻ പായിക്കാട് കുടുംബയോഗത്തിന്റെ സജീവ പ്രവർത്തകനും രക്ഷാധികാരിയുമായിരുന്നു. പകലോമറ്റം മഹാകുടുംബത്തിനുവേണ്ടി സെക്രട്ടറി പി.സി. ചാക്കോ അനുശോചനം അറിയിക്കുകയും ട്രഷറർ ടി.എം. മാത്യു, ഈസ്റ്റ് സോണൽ ചെയർമാൻ പി.എ. മത്തായി, പാമ്പാടി റീജിയൻ സെക്രട്ടറി സലീം വർഗീസ് എന്നിവർ ചേർന്ന് മഹാകുടുംബയോഗ പതാക അണിയിച്ച് ആദരിക്കുകയും ചെയ്തു.

### കുടുംബയോഗ വാർത്തകൾ തുടർച്ച....

## പകലോമറ്റം പറാട്ട് കുടുംബയോഗം 65–ാമതു വാർഷികം തുടർച്ച......

യൂണിവേഴ്സിറ്റി മെക്കാനിക്കൽ എൻജിനീയറിംഗ് എം.ടെക്. പരീക്ഷയിൽ ഫസ്റ്റ് റാങ്കോടെ ഉന്നത വിജയം വരിച്ച ജോബിൻ ജി പാണ്ടിശ്ശേരിലിനെയും IGNOU ൽ നിന്നും സോഷ്യൽ വർക്കിൽ ഡോക്ടർ ഓഫ് ഫിലോസഫി നേടിയ രാജഗിരി സോഷ്യൽ സയൻസ് കോളേജ് അസി.പ്രൊഫസർ നൈസിൽ റോമീസ് തോമസിനെയും കാർഷിക സമഗ്ര സംഭാവനയ്ക്ക് പാണ്ടിശ്ശേരിൽ പി. എ. ഐസക്കിനെയും സാഹിത്യ സംഭാവനയ്ക്ക് മാത്യൂസ് പാണ്ടിശേരിലിനെയും X. XII ക്ലാസുകളിൽ ഉന്നതവിജയം നേടിയവരെയും അനുമോദിക്കുകയുംഅവർക്ക് മെമെന്റോകൾ നൽകി ആദരിക്കുകയും ചെയ്തു. ചാരിറ്റി പ്രവർത്തനത്തിൽ വിവാഹ സാമ്പത്തിക സഹായം, ചികിത്സാ സഹായം എന്നിവയും നൽകുകയുണ്ടായി. ഫാ. എൽവിൻ തോമസ്, ഏബ്രഹാം തോമസ് പൊഴുവേലിൽ, പാസ്റ്റർ വറുഗീസ് പി. തോമസ് എന്നിവർ യോഗത്തിന് ആശംസകൾ നേർന്നു.

പി.ഐ. ഐസക്
കുടുംബയോഗ സെക്രട്ടറി



# മരിച്ചവരും ജീവിക്കുന്നവരും

**ജീ**വിതം നാം ആവശ്യപ്പെടാതെ തന്നെ ദൈവം നമുക്കു നൽകിയ വിശിഷ്ട ദാനമാണ്. തീരെച്ചെറുതോ വളരെ വലുതോ ആകട്ടെ അതിന്റെ ദൈർഘ്യം ഓരോ ജീവിതത്തിനും എന്തോ ചില നിയോഗങ്ങൾ ഉണ്ട്. അതു തിരിച്ചറിയാൻ കഴിയുന്നതിലാണു നമ്മുടെ വിജയം. എത്രകാലം അതിൽ വ്യാപരിച്ചു എന്നതല്ല, എങ്ങനെ വ്യാപരിച്ചു എന്നതാണ് പ്രധാനം.

സങ്കടങ്ങൾ വളരെയുണ്ട് ജീവിതത്തിൽ. എങ്കിലും അവയ്ക്കിടയിലുണ്ട് സന്തോഷത്തിന്റെ അനുഭവങ്ങൾ. ദൈവവും മനുഷ്യരും പ്രകൃതിയുമായി നാം പുലർത്തുന്ന വിശുദ്ധ ബന്ധങ്ങൾ തന്നെയും നമ്മുടെ മനസ്സിൽ സന്തോഷം നിറയ്ക്കുന്നു. അവസരങ്ങളും സാധ്യതകളും എത്രയോ ഉള്ളതാണു ജീവിതം. കൊച്ചു കൊച്ചു സങ്കടങ്ങൾ കൊണ്ട് അവയെ നിശ്ചലമാക്കിക്കൂടാ.

പിന്നെ മരണമെത്തുന്നു. നാം നിനച്ചിരിക്കാത്ത നിമിഷങ്ങളിലാകാം അത്. ജീവിത സൗഭാഗ്യങ്ങളിൽ നിന്നു നമ്മെ അകറ്റുന്ന ഒരു ശത്രുവായി മരണത്തെ കാണുന്നവരാണ് നമ്മിൽ അധികം പേരും. പക്ഷേ, മരണത്തെ ശത്രുവായല്ല, മിത്രമായികാണുക. നമുക്ക് കല്പിച്ചിരുന്ന നിയോഗത്തിന്റെ പൂർത്തീകരണമാണല്ലോ അതിലുള്ളത്. ഓടിക്കളിച്ചു തളർന്ന ഓമനക്കുഞ്ഞിനെ സന്ധ്യാനേരത്ത് അതിന്റെ അമ്മ എന്നപോലെ മരണം നമ്മുടെ കൈയിൽ മെല്ലെ തൊട്ട് കാതിൽ മന്ത്രിക്കുന്നു: വരൂ, നിനക്കിവിടെ നിശ്ചയിച്ചിരുന്ന പകൽ അവസാനിച്ചിരിക്കുന്നു. ഇനി ബഹുദൂരം പോകേണ്ടതുണ്ട്. യാത്ര തുടരുക.

അഥവാ അല്പം നീണ്ട ഉറക്കം പോലെയാണ് മരണം. അതതു നാളിൽ ചെയ്യേണ്ടവ ചെയ്തു തീർത്ത് നാം ഉറങ്ങാൻ കിടക്കുന്നു. ഉണരുമ്പോൾ തുടർന്നു ചെയ്യേണ്ടവയ്ക്ക് പുതു ഉന്മേഷം. അന്ത്യനാളിൽ നമ്മുടെ ഉയിർത്തെഴുന്നേല്പിന്റെ അനുഭവവും ഇങ്ങനെയാവാം.

എങ്കിൽ മരിച്ചവരെ ഓർത്ത് ദുഃഖിക്കേണ്ട. ദുഃഖിക്കേണ്ടത് അവർ ഇവിടെ ഉപേക്ഷിച്ചുപോയ ജീവിക്കുന്നവരെ ഓർത്ത്. നമ്മിൽ പലർക്കും ഒരിക്കലെങ്കിലും അനുഭവപ്പെട്ടിട്ടുള്ള തരത്തിൽ കീറിമുറിഞ്ഞ ആത്മാവുമായി അലയുന്നവരാണ് അവർ. അവർക്കാണ് നമ്മുടെ ദുഃഖവും അതിൽ നിന്നു വിടരുന്ന ആശ്വാസവും ആവശ്യം. എല്ലാ ദുഃഖങ്ങളിൽ നിന്നും മോചനം നൽകുന്ന മരണം എപ്പോഴാണ് മുന്നിലെത്തുന്നത് എന്ന് അറിഞ്ഞുകൂടല്ലോ.


**പിറന്നാൾ ആശംസകൾ**



**ഇഷാൻ മാത്യു സുനിഷ്**
ഒന്നാം പിറന്നാൾ ആഘോഷിക്കുന്ന
**ഷാനുക്കുട്ടന്** അപ്പച്ചന്റെയും
അമ്മച്ചിയുടെയും ആശംസകൾ
(ട്രഷറർ റ്റി.എം.മാത്യുവിന്റെ കൊച്ചുമകൻ)

REG. NO. KERMAL/2016/68095

August 2016 Rs : 10


# Sharp vision

from the specialists

**Jobo Korah Thomas**
**D.R.Opt, B.Opt. (Hons.), M.Opt**
**(Trained from Varilux University, Paris, FRANCE)**

**Seema Varkey B.S. Opt.(EX-Optometrist,**
**Madurai Aravind Eye Hospital)**

എന്നിവരുടെ നേതൃത്വത്തിൽ മുഴുവൻ സമയവും
ഒപ്ടോമെട്രിസ്റ്റിന്റെ സേവനവും
കമ്പ്യൂട്ടറിൽ സൗജന്യ നേത്ര പരിശോധനയും.



പ്രോഗ്രസീവ് ലെൻസുകൾ
ഗ്യാരന്റിയോടു കൂടി ലഭിക്കുന്നു.

ADVANCED VISION SPECIALIST

Certified VARILUX® Specialist

ESSILOR

Authorised Dealer of

LUXOTTICA Davidoff CARRERA Ray-Ban ZEISS Nikon CIBA Vision pierre cardin adidas RODENSTOCK SOLA SEIKO

STERLING HOYA Johnson & Johnson VOGUE Hallmark Safilo BOSS Cartier BAUSCH & LOMB Silhouette MONT BLANC

New Arrivals: Ray-Ban Polarised

**Satisfaction Guaranteed**

# ആൽഫാ® ഒപ്റ്റിക്കൽസ്

&

## സ്പെഷ്യാലിറ്റി കോൺടാക്റ്റ് ലെൻസ് ക്ലിനിക്

**സി.എസ്.ഐ. സ്ക്വയർ, ശാസ്ത്രി റോഡ്, കോട്ടയം Ph: 0481-2562186**

**Since-1930**

# ROYAL STAR OPTICAL Co.

**K.K. Road, Kottayam-686 001. Ph: 0481-2562874, 2583974**


Printed by Thekkinkad Joseph Published by Thekkinkad Joseph owned by Thekkinkad Joseph &
Printed at Dona Colour Graphs, M.L. Road, Kottayam and
Published at Priya Bhavan, Kuravilangad, Kottayam Editor: Thekkinkad Joseph